നിയമസംസ്കാരകേന്ദ്രത്തിന്റെ
# ജനനീതി

170

ജൂൺ 2011

3.00 ക.




ശാന്തി ഭൂഷണനും (വലത്ത്)
മകൻ പ്രശാന്ത് ഭൂഷണനും

# സർക്കാരിനെ വിമർശിക്കുന്നത് രാജ്യദ്രോഹമല്ല

**- വി.ആർ. കൃഷ്ണയ്യർ -**

**ഛ**ത്തീസ്ഗഡിൽ ഡോ. വിനായക്സെന്നിന് ജീവപര്യന്തം തടവുശിക്ഷ വിധിച്ച നടപടി വ്യാപകമായി വിമർശനത്തിന് പാത്രീഭവിച്ചിട്ടുണ്ട്. ഈ വിധി അന്യായമായിപ്പോയെന്ന് പരക്കെ കരുതപ്പെടുന്നു. ജനങ്ങളുടെ മനസ്സാക്ഷിക്ക് വിരുദ്ധമാണിത്. ഇതൊരു അതിക്രമമായും കാണപ്പെടുന്നു.

ഡോ. സെൻ നിയമത്തിന്നതീതമായിരിക്കണമെന്ന് ആരും പറയുന്നില്ല. കോടതി മുമ്പാകെ ഹാജരാക്കപ്പെടുന്ന തെളിവുകളെ അവഗണിക്കണമെന്നും ആരും പറയുന്നില്ല. ഒരാളുടെ പ്രശസ്തിപോലുള്ള കാര്യങ്ങൾ പ്രസക്തവുമല്ല. തെളിവനുസരിച്ച് പ്രവർത്തിക്കാനുള്ള കടമയും ബാധ്യതയും കോടതിക്കുണ്ട്. അതേസമയം കരുണകാണിക്കലും കോടതിയുടെ ബാധ്യതയാണ്. മറ്റു ഘടകങ്ങൾ അനുകൂലമാണെങ്കിൽ കോടതി കാരുണ്യപൂർവ്വം നീതി നിർവ്വഹണത്തിന് നിയമത്തിന്റെ സാങ്കേതിക പരിധിക്കപ്പുറം പോകേണ്ടിവരും. നിയമത്തേക്കാൾ മഹനീയമാണ് ദയ; നിയമത്തേക്കാൾ പരിഗണനനീയമായതാണ് അത്. കുറ്റകൃത്യ നിർണയത്തെ അതു ബാധിക്കുന്നില്ല. ശിക്ഷാവിധി നിർണയത്തിലേ അതുണ്ടാകുന്നുള്ളൂ. ഇവിടെ നിയമത്തിന്ന് ക്ഷതമേൽക്കുന്നില്ല; കുറ്റബോധത്തിന്നും മാറ്റമില്ല.

നിയമത്തിന്റെ അക്ഷരാർത്ഥത്തിലുള്ളതാണ് കോടതിയുടെ തീരുമാനം. എന്നാൽ വീക്ഷാഗതി വിശാലമാകണം. മഹനീയമായ ചില പരിഗണനകൾ ഉണ്ടാകണം. സമാദരണീയമായ ചില പ്രേരകങ്ങൾക്ക് വിധേയമായി ചെയ്യുന്ന നല്ല കാര്യങ്ങൾ മാനിക്കപ്പെടണം. ദയ എന്നത് നിയമത്തേക്കാൾ വലുതാണ്; സങ്കുചിത നീതിയേക്കാൾ വലുതാണ്.

ഡോ. സെൻ രാജ്യദ്രോഹം നടത്തിയതായിട്ടാണ് കണ്ടിരിക്കുന്നത്. ഈ കുറ്റാരോപണം അസാധാരണമായ ഒന്നാണ്. ചില മാവോയിസ്റ്റുകളുമായി ചേർന്നു പ്രവർത്തിച്ചു എന്നാണ് പത്രറിപ്പോർട്ട്. ഡോ. സെൻ ഗ്രാമപ്രദേശങ്ങളിൽ വ്യാപകമായി പ്രവർത്തിച്ചിട്ടുണ്ട്; പാവങ്ങൾക്ക് അദ്ദേഹം ചികിത്സ നൽകിയിരുന്നു. ദരിദ്രർക്കുവേണ്ടി ഏറെസമയവും വൈദഗ്ധ്യവും അദ്ദേഹം വിനിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ കുറ്റനിർണയത്തിൽ ഇതൊരുപ്രധാന ഘടകമാകേണ്ടതായിരുന്നു.

അതുപോലെ മാവോയിസ്റ്റുകൾക്ക് വൈദ്യസഹായം ലഭിച്ചിട്ടുണ്ട്. അതൊക്കെ ചെലവേറിയതാണ്. ഡോക്ടർമാർ പലപ്പോഴും കനത്ത ഫീസ് വാങ്ങാറുണ്ട്. ആ നിലക്ക് ഡോ. സെന്നിന്റെ സേവനം പ്രശംസനീയമാണ്. രോഗികളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത പ്രകീർത്തനീയമാണ്. ജനസേവനമനുഷ്ഠിക്കുന്നത് രാജ്യദ്രോഹമല്ല. ശിക്ഷാനിർണ്ണയകാര്യത്തിൽ ഞാനിത് ഒരു ഔദാര്യമായി കരുതും. പാവപ്പെട്ടവർക്ക് ഗവർമ്മേണ്ട് പ്രത്യേകിച്ചൊരു ചികിത്സാ സൗകര്യവും നൽകാത്തപ്പോൾ സേവനമനോഭാവമുള്ള ഡോക്ടർമാർ ചെയ്യുന്നത് രാജ്യദ്രോഹമല്ലതന്നെ. ഗവർമ്മേണ്ടിന്റെ ഗുരുതരമായ കൃത്യവിലോപത്തെ പരിഹരിക്കാൻ ചെയ്യുന്ന നടപടി രാജ്യദ്രോഹമല്ല. അവർ പറയുന്നത് ഗവർമ്മേണ്ടിന്നെതിരായാൽ പോലും അത് രാജ്യദ്രോഹമാവില്ല. ഞാനതിനാൽ ഡോ. സെന്നിന്റെ പ്രവൃത്തിയെ പ്രശംസനീയമായി കാണുന്നു. ഗാന്ധിജി രാജ്യദ്രോഹിയായിരുന്നുവോ? പാവങ്ങളുടെ കണ്ണീർതുടച്ച മറ്റുള്ളവർ രാജ്യദ്രോഹികളായിരുന്നുവോ? ❏




**ജനനീതി**

ജൂൺ 2011

**170**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ആശ്രിതരായവർക്ക് പ്രതിഷേധിക്കാൻ പോലും കഴിവുണ്ടാവില്ല

**ച**ങ്ങമ്പുഴയുടെ വാഴക്കുല എന്ന കവിത പ്രസിദ്ധമാണ് –

മഴയെല്ലാം പോയപ്പോൾ
മാനം തെളിഞ്ഞപ്പോൾ
മലയന്റെ മുറ്റത്ത്
വാഴനട്ടു

– എന്നു തുടങ്ങുന്ന കവിതയിൽ വാഴ വളരുന്നതും കായമൂക്കുന്നതും കുട്ടികൾ പഴത്തിന്നുവേണ്ടി കാത്തിരിക്കുന്നതും അതിന്നിടയിൽ "തമ്പുരാൻ" വന്ന് കായ റാഞ്ചിക്കൊണ്ടുപോകുന്നതുമെല്ലാം ഹൃദയസ്പർശിയായി വിവരിക്കുന്നുണ്ട്. ആ കവിത വായിക്കുന്നവരുടെ, അല്ലെങ്കിൽ ചൊല്ലികേൾക്കുന്നവരുടെ കണ്ണിൽപോലും ഒരിറ്റു കണ്ണീർ പൊടിയുന്നത്ര ഹൃദയസ്പർശിയാണ് അത്. എന്നാൽ കവി അതിനെ വെറുതെയങ്ങനെ ദു:ഖപര്യവസായിയായി വിടുന്നില്ല.

ഇതിനെല്ലാം പ്രതികാരം
ചെയ്യാതടങ്ങുമോ
പതിതരെ നിങ്ങൾ
തൻ പിന്മുറക്കാർ

– എന്ന് ആ കണ്ണീർതുള്ളിയെ സമര കാഹളമാക്കി മാറ്റാൻ കവി ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ പാക് ജനതയെ അങ്ങനെയൊന്നു സമാധാനിപ്പിക്കാൻപോലും ആർക്കും കഴിയില്ല. നിലനിൽപ്തന്നെ പരാശ്രയത്തിന്മേലാകുമ്പോൾ, നിങ്ങൾക്കെങ്ങനെ പ്രതിഷേധിക്കാൻ കഴിയും?

പാക്കിസ്താൻ വേണ്ടതിലേറെ ആറ്റംബോംബ് നിർമ്മിച്ചുവച്ചിട്ടുണ്ട്; വേണ്ടതിലേറെ ഉഗ്രൻ റോക്കറ്റുകൾ നിർമ്മിച്ചുകൂട്ടിയിട്ടുണ്ട്. വലിയൊരു സേനാവ്യൂഹത്തെ തയ്യാറാക്കി നിർത്തിയിട്ടുണ്ട്, മറ്റുള്ളവരുടെ ഉറക്കം കെടുത്താൻ സകലവിധ ദുഷ്ടശക്തികളേയും പോറ്റി വളർത്തുന്നുണ്ട്. അങ്ങനെയെല്ലാമാണെങ്കിലും തലസ്ഥാന നഗരത്തിന്റെ തണ

ലിൽ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിച്ചുവന്നിരുന്ന ഒസാമ ബിൻ ലാദനെ അമേരിക്കക്കാർ വന്ന് റാഞ്ചിക്കൊണ്ടുപോയപ്പോൾ ഈ ആറ്റം ബോംബുകളും റോക്കറ്റുകളും പട്ടാള സന്നാഹവുമെല്ലാം വെറുതെയായി!

അമേരിക്ക കാണിച്ച വിക്രിയകൾ കണ്ട് ഇന്ത്യയും ആ വഴിക്കു പുറപ്പെട്ടാൽ വലിയ ദുരന്തം സംഭവിക്കുമെന്ന് പാക്കിസ്താൻ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഒരുപക്ഷെ അമേരിക്കക്ക് ഇങ്ങനെ മുന്നറിയിപ്പു നൽകാൻ മറന്നുപോയതാകണം അമേരിക്കയുടെ വിക്രിയകൾക്ക് കാരണമെന്ന് നമുക്ക് ഊഹിക്കാം. പാക്കിസ്താന്റെ അതിർത്തി മാത്രമല്ല, പരമാധികാരം പോലും ലംഘിച്ചിട്ടും ഔപചാരികമായൊരു ക്ഷമാപണം നടത്താൻ പോലും അമേരിക്ക തയ്യാറായിട്ടില്ലെന്നത് കൗതുകജനകമല്ലെ. "തമ്പുരാൻ" വന്ന് വാഴക്കുല വെട്ടിക്കൊണ്ടു പോയപ്പോൾ "കുട്ടികളെ" സമാധാനിപ്പിക്കാൻപോലും പാക്കിസ്താനിൽ ആരുമുണ്ടായില്ലെന്നുള്ള വസ്തുത ആ പരാശ്രയത്തിന്റെ ഭീകരതയെ പതിന്മടങ്ങു വർധിപ്പിക്കുന്നു. വിക്കിലീക്സ് വഴി ചോർന്നുവരുന്ന വസ്തുതകൾ ശരിയാണെങ്കിൽ, ഇന്ത്യയുടെ ഗതിയും പാക്കിസ്താന്റെ ഗതികേടിൽനിന്ന് ഒട്ടും വ്യത്യസ്തമാകാൻ പോകുന്നില്ല.

അങ്ങാടിയിൽ തോറ്റാൽ അമ്മയോട് എന്നൊരു ചൊല്ലുണ്ട്. അതുപോലെ അമേരിക്കയുടെ മുന്നിൽ തോറ്റ് നാണംകെട്ടപ്പോൾ, ജനങ്ങളെ സമാശ്വസിപ്പിക്കാൻ എന്തെങ്കിലുമൊന്നു പറയണമല്ലോ എന്നു കരുതിയാകണം പാക്കിസ്താൻ ഇന്ത്യുടെ നേരെ കുരച്ചു ചാടിയത്. ഭീകരന്മാരുടെ കാര്യത്തിൽ അമേരിക്കക്ക് സഹിക്കേണ്ടിവന്ന കഷ്ടപ്പാടൊന്നും ഇന്ത്യക്കില്ല. ഭീകരന്മാർ ആരാണെന്നും, അവർ എവിടെയാണെന്നുമെല്ലാം ഇന്ത്യക്കിറിയാം. അമേരിക്കക്കെന്നപോലെ ഇന്ത്യക്കും അവരെ കൈകാര്യം ചെയ്യാൻ അറിയാം. പക്ഷെ അത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ എന്ന വകതിരിവുള്ളതിനാൽ ഇന്ത്യ ആ വഴിക്ക് നീങ്ങാനിടയില്ല.

ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തിന്ന് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എത്രത്തോളം ജനസ്വാധീനമുണ്ടാകുമെന്നു പറയാനാവില്ല. എന്നാൽ ഹിംസാമാർഗ്ഗം നമ്മെ എവിടെകൊണ്ടുപോയി തള്ളുമെന്ന് അമേരിക്കയുടെ ചരിത്രത്തിൽനിന്ന് നമുക്കു പഠിക്കാൻ കഴിയും. യുദ്ധമെല്ലാം അവസാനിപ്പിച്ച് സമാധാനപൂർവ്വം ഒന്നു കിടന്നുറങ്ങാൻ ഹിംസാമാർഗ്ഗം സഹായിക്കില്ലെന്ന് അമേരിക്കക്കാർ അനുഭവത്തിലൂടെ പഠിച്ചു. ഇന്ത്യക്ക് അത് കണ്ടുപഠിക്കാവുന്നതേയുള്ളൂ. രാജീവ് ഗാന്ധിയെ വധിക്കാൻ കുറുക്കുവഴി കണ്ടെത്തിയവർക്ക് അവസാനമുണ്ടായ ദുർഗ്ഗതി നാം കണ്ടതാണ്. വംഗബന്ധു മുജീബിനെ വധിച്ചവർക്കുണ്ടായ ദുർഗതിയും നാം കണ്ടതാണ്. ഇതുപോലെ ഒരായിരം ഉദാഹരണങ്ങൾ ഒരാൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയും. വാളെടുത്തവർ വാളാലെ എന്ന ചൊല്ല് ഒരു നിത്യസത്യമാണ്.

അസഹനീയമായ നാണക്കേട് മറച്ചുപിടിക്കാൻ വീരസ്യം പറയുന്നത് നല്ലൊരു തന്ത്രമാണ്. 1947 ൽ ഇന്ത്യയൊടൊപ്പം സ്വാതന്ത്ര്യം നേടിയ പാക്കിസ്താന് ആ സ്വാതന്ത്ര്യം നിലനിർത്താൻ ഒരിക്കലും സാധിച്ചിട്ടില്ല. 1958ലെ പട്ടാള വിപ്ലവത്തോടെ അവിടത്തെ വിപ്ലവ പരമ്പര ആരംഭിക്കുന്നു. ഇന്ത്യയെ ദ്രോഹിക്കാൻ പാക്കിസ്താനെ വളർത്തുന്നത് നല്ലൊരു അടവായിരിക്കുമെന്നു കണ്ടെത്തിയ ബ്രിട്ടനും അമേരിക്കയും പാക്കിസ്താനിലെ പട്ടാള വിപ്ലവങ്ങൾക്ക് താങ്ങും തണലുമായി നിന്നു. വിദേശത്തുനിന്നുള്ള സാമ്പത്തിക സഹായവും സൈനിക സഹായവും പാക്കി ➡

സ്താനെ അന്ധമാക്കിയെന്നു പറയാം. നിലനിൽപ്തന്നെ പരാശ്രയത്തിന്മേലാണെന്നു വന്നതോടെ, വിദേശികൾ കല്പിക്കുന്നതെല്ലാം അനുസരിക്കുകയേ നിവൃത്തിയുള്ളൂവെന്നുവന്നു അങ്ങനെ നാണംകെട്ടൊരു ജീവിതത്തിലൂടെയാണ് പാക്കിസ്താൻ ഇത്രകാലവും നിലനിന്നത്. ഇനി ഈ പരാശ്രയത്തിൽ നിന്ന് മോചനമുണ്ടാകാൻ നിവൃത്തിയൊന്നുമില്ല.

ദലായ്‌ലാമ ഇന്ത്യയിൽ വന്നിട്ട് അരനൂറ്റാണ്ടായി. അദ്ദേഹത്തെ കൊല്ലാനോ റാഞ്ചിക്കൊണ്ടുപോകാനോ ഇന്നേവരെ ആരും ശ്രമിച്ചിട്ടില്ല. കാരണം, മാന്യതയുടെ പരിധി വിട്ടു പെരുമാറാൻ ഇന്ത്യ ആരേയും ഒരിക്കലും അനുവദിക്കാറില്ല. നേരെമറിച്ചാണ് പാക്കിസ്താന്റെ സ്ഥിതി. സകല ദ്രോഹികളും പാക്കിസ്താനിൽ വന്നു അടിഞ്ഞുകൂടുന്നു. അവർക്ക് സംരക്ഷണം മാത്രമല്ല, സകല ദ്രോഹപ്രവർത്തനങ്ങൾക്കും സൗകര്യമൊരുക്കികൊടുക്കുകയും ചെയ്യുന്നു. അതിന്റെ ഫലം കാണാൻ നാം നിർബ്ബന്ധിതരാകുന്നു. നാമിന്ന് കാണുന്ന നാണക്കേടുകളെല്ലാം അതിൽനിന്നുത്ഭവിക്കുന്നതാണ്. ❑

# ജനാധിപത്യ സംരക്ഷണത്തിന്ന് വിസിലടിക്കാർ കൂടിയേ തീരൂ

ഇന്ത്യയിൽ വളർന്നുവരുന്ന വമ്പിച്ച അഴിമതി വിരുദ്ധ സമരത്തിന്ന് പ്രേരകമായത് വിക്കിലീക്സ് പുറത്തുകൊണ്ടുവന്ന രഹസ്യങ്ങളാണെന്ന് വിക്കിലീക്സിന്റെ സ്ഥാപകനായ ജൂലിയൻ അസംഗെ കരുതുന്നു.

ഫ്രണ്ട് ലൈൻ ക്ലബ്ബും ന്യൂസ്റ്റേറ്റ്സ്മാനും ചേർന്ന് ലണ്ടനിൽ സംഘടിപ്പിച്ച ഒരു സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്നഹസാരെയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രക്ഷോഭത്തെ അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി. ഗാന്ധിജിയുടെ കാലത്തിനുശേഷം ഇങ്ങനെയൊന്നുണ്ടാകുന്നത് ഇതാദ്യമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

അതിപ്രഗത്ഭരായ 900 പേർ പങ്കെടുത്തതായിരുന്നു സമ്മേളനം. അജ്ഞാതരായ വിസിലടിക്കാർക്കു മാത്രമേ അഴിമതിക്കെതിരെ പോരാടാൻ കഴിയൂ എന്നദ്ദേഹം പറഞ്ഞു. ഇത്തരം അല്പം വിസിലടിക്കാരുണ്ടായിരുന്നുവെങ്കിൽ ഇറാഖിനെ ഒരു ചോരക്കളമാക്കുന്നത് ഒഴിവാക്കാമായിരുന്നുവെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിക്കി ലീക്സിന്ന് ഈ വിക്രിയകൾ മുഴുവൻ നടത്താൻ വേണ്ട പണം സംഘടിപ്പിക്കുന്നതും അഴിമതിയിലൂടെയല്ലേ എന്ന് ഒരാൾ ചോദിച്ചു. അല്ല എന്ന ഉറച്ച മറുപടിയാണ് അസംഗെയിൽനിന്നു ലിച്ചത്. നിങ്ങളെപ്പോലെയുള്ളവർ ആഴ്ചതോറും തരുന്ന പണം കൊണ്ടാണ് ഇത് നടത്തുന്നത്. ഇതിന്നുള്ള പണം ആഴ്ചതൊറും ശേഖരിക്കുകയാണ് ചെയ്യുന്നത്. നിങ്ങളുടെ കീശയിലെ കാശുകൊണ്ടാണ് ഞങ്ങൾ നിലനിൽക്കുന്നത്. ഞങ്ങളുടെ പണി നല്ലതാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ ആഴ്ചതോറും ഞങ്ങളെ സഹായിക്കുക. ഞങ്ങൾ പിഴച്ചവഴിക്കാണ് പോകുന്നതെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ പണം തരുന്നത് നിർത്തുക. ഈ പണിയിൽ ഞങ്ങളെ സംരക്ഷിക്കേണ്ടതുണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നപക്ഷം ഞങ്ങളെ ശക്തിപ്പെടുത്തുക എന്ന് അദ്ദേഹം പറഞ്ഞു. ❑

# അഴിമതിക്കെതിരെ പോരാടുന്ന രണ്ടു ഭൂഷണന്മാർ

നർമ്മദ നദിയിൽ 25,000 കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന അണക്കെട്ടിന്നെതിരെ ഹിമാംശു ഠാക്കർ എന്ന പൊതുപ്രവർത്തകൻ 1995ൽ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയോടുകൂടിയാണ് മുൻ നിയമകാര്യമന്ത്രി ശാന്തി ഭൂഷണും മകൻ പ്രശാന്ത് ഭൂഷണും പൊതുതാൽപര്യ ഹർജികളെ ഒരായുധമാക്കിയത്. ഈയൊരു കേസിന്നു ശേഷം ഉയർന്നുവന്ന ഏതാണ്ടെല്ലാ പ്രധാന പൊതുതാല്പര്യ ഹർജികളും ഈ ഭൂഷണന്മാരാണ് കൈകാര്യം ചെയ്തിട്ടുള്ളത്. 55 വയസ്സുള്ള പ്രശാന്ത് ഭൂഷൺ ദൽഹി ഹൈക്കോടതിയിലും സ്പ്രീംകോടതിയിലുമായി അഞ്ഞൂറിൽപരം കേസുകൾ ഇതിന്നകം വാദിച്ചിട്ടുണ്ട്. പൗരാവകാശം, പരിസ്ഥിതി നിയമധ്വംസനം, ഭരണകൂടത്തിലും കോടതികളിലുമുള്ള രഹസ്യ ഇടപാടുകൾ എന്നിവ സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവർക്ക് ഒരേയൊരാശ്രയം പ്രശാന്ത് ഭൂഷണനാണ്. പ്രശാന്തിന്റെ അഛൻ ശാന്തി ഭൂഷണന്ന് വയസ്സ് 85 ആയെങ്കിലും വാണിജ്യ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അസാമാന്യ പണ്ഡിതനാണ്. അഴിമതിയും ഭരണകൂടത്തിന്റെ അതിക്രമങ്ങളും ശ്രദ്ധയിൽ പെട്ടാൽ ശാന്തിഭൂഷണനും പൊതുതാല്പര്യ ഹർജിയുമായി കോടതിയിലെത്തും.

എല്ലാതരം അധാർമ്മികതകൾ കാണിക്കാനും വേണ്ടിതിലേറെ സമയം കിട്ടുന്ന ഉദ്യോഗസ്ഥ പ്രമുഖരാണ് സകല കുഴപ്പങ്ങൽക്കും കാരണമെന്ന് ശാന്തി ഭൂഷൺ കരുതുന്നു. സർക്കാർ വക കുത്തകകളുടെ നിർദ്ദയമായ അനീതികളാണ് കുഴപ്പങ്ങൾക്കെല്ലാം കാരണമെന്നാണ് പ്രശാന്ത് ഭൂഷൺ പറയുന്നത്. നീതിന്യായ സംവിധാനത്തിലെ അഴിമതികൾ ചികഞ്ഞെടുക്കുന്നതിൽ രണ്ടുപേരും ഒരുപോലെ വ്യഗ്രത കാണിക്കുന്നു.

അഴിമതിക്കെതിരായ നിരന്തരമായ ഈ പോരാട്ടം രണ്ടുപേർക്കും ധാരാളം ശത്രുക്കളെ സമ്പാദിച്ചുകൊടുത്തിട്ടുണ്ടെന്നു പറയേണ്ടതില്ല. എന്നാൽ പൊതുപ്രവർത്തകർ, പണ്ഡിതന്മാർ തുടങ്ങിയവരടങ്ങിയ ചെറിയൊരു സംഘം ഭൂഷണന്മാരെ പ്രതിരോധിക്കാൻ ജാഗരൂകരായി വർത്തിക്കുന്നു.

എന്നാൽ ഭൂഷണന്മാർക്ക് കുറച്ചുകാലമായി ഇരുവശത്തുനിന്നുമുള്ള ആക്രമണങ്ങളെ നേരിടേണ്ടിവരുന്നുണ്ട്. നിയമനടപടികൾകൊണ്ടുമാത്രം അനീതികളെ നേരിടാനാവില്ലെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. ശത്രുക്കളിൽനിന്നുള്ള അക്രമണത്തെ മാത്രമല്ല മിത്രങ്ങളിൽനിന്നുള്ള വിമർശനത്തേയും അവർക്ക് നേരിടേണ്ടിവരുന്നുണ്ട്. പുതിയ ലോകപാൽ ബിൽ തയ്യാറാക്കാനുള്ള കമ്മിറ്റിയിലേക്ക് ഇരുഭുഷണന്മാരും നിയോഗിക്കപ്പെട്ടതിനെത്തുടർന്ന് രണ്ടുപേരും സകലവിധ അധിക്ഷേപങ്ങൾക്കും പാത്രമായി വരികയാണ്.

നീതിന്യായരംഗത്തെ അഴിമതിക്കറുതി വരുത്താൻ ലോകപാൽബിൽ സഹായിക്കുമെന്ന ചിന്തയാണ് ഇത്തരമൊരു പ്രസ്ഥാനത്തിന്നിറങ്ങാൻ തന്നെ പ്രേരിപ്പിച്ചതെന്ന് പ്രശാന്ത് ഭൂഷൺ പറയുന്നു. കർണാടക ലോകായുക്തയായ സന്തോഷ് ഹെഗ്ഡേയും പ്രശാന്ത് ഭൂഷണനും ചേർന്നാണ് ലോകപാൽ ബില്ലിന്റെ കരടിന്ന് രൂപം നൽകിയത്. അതിപ്പോൾ വലിയ ആക്ഷേപത്തിന്ന് കാരണമായിരിക്കുകയാണ്. അധികാരമെല്ലാം ലോകപാലിൽ കേന്ദ്രീകരിക്കുന്നുവെന്നാണ് ചിലരുടെ പരാതി. ഈ ലോകപാൽ ജനാധിപത്യ വിരുദ്ധമാണെന്ന് മറ്റുചിലർ ആക്ഷേപിക്കുന്നു. ലോകപാൽ ബിൽ തയ്യാറാക്കാനുള്ള സംയുക്ത കമ്മിറ്റിയുടെ അധ്യക്ഷനായി ശാന്തി ഭൂഷൺ നിയുക്തനായിരിക്കെ, മകൻ പ്രശാന്ത് ഭൂഷണനേയും അതിൽ അംഗമായി നിയോഗിച്ചതിനേയും ചിലർ വിമർശിക്കുന്നുണ്ട്.

രാത്രി മണി എട്ടുകഴിഞ്ഞിട്ടും പ്രശാന്ത് ഭൂഷൺ ഓഫീസ് അടച്ചിട്ടില്ല. ഈ ലോകപാൽ ചിലർ കരുതുന്നതുപോലെ അപകടം പിടിച്ചതൊന്നുമല്ലെന്ന് അദ്ദേഹം പത്രക്കാരനോട് വിശദീകരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ പ്രശാന്തിന്റെ അസിസ്റ്റന്റായ രോഹിത് സിങ് ഓഫീസിൽവന്ന് ടെലിവിഷനിൽ അമർസിങ് പറഞ്ഞുകൊണ്ടിരിക്കുന്ന ഭ്രാന്തൻ കഥകളുടെ കാര്യം പ്രശാന്തിനെ അറിയിച്ചു. ഭൂഷണന്മാർ വാങ്ങിയ ഒരു ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്തപ്പോൾ 1.33 ലക്ഷം രൂപ തട്ടിച്ചുവെന്നാണ് അമർസിങ് പറയുന്നത്.

ലോകപാൽ ബില്ലിന്റെ കരടുരൂപം തയ്യാറാക്കുന്ന കമ്മിറ്റിയിൽ അംഗമാകാൻ പ്രശാന്തിന്ന് താല്പര്യമുണ്ടായിരുന്നില്ല. സർക്കാർ നിയോഗിക്കുന്ന അഞ്ചുപേരും ജനങ്ങൾ നിയോഗിക്കുന്ന അഞ്ചുപേരുമാണ് കമ്മിറ്റിയിലുള്ളത്. ജനകീയപക്ഷത്തുനിന്നുള്ള അധ്യക്ഷനായി ശാന്തിഭൂഷണനെ ആദ്യമേ നിയോഗിച്ചിട്ടുണ്ട്. അതിന്നുപുറമെ പ്രശാന്ത് ഭൂഷൺകൂടി അംഗമായാൽ, ജനകീയ പ്രതിനിധികളിൽ 40 ശതമാനവും ഭൂഷണന്മാമെന്നുവരും. അതൊരു ചീത്തപ്പേരിന്ന് ഇടയാക്കുമെന്ന് പ്രശാന്ത് ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ മറ്റുള്ളവരുടെ നിർബ്ബന്ധത്തിന്നു വഴങ്ങേണ്ടിവന്നു. ഇനിയിപ്പോൾ രാജിവയ്ക്കാമെന്നുവച്ചാൽ അത് നിക്ഷിപ്ത താല്പര്യക്കാരുടെ വൃത്തികെട്ട തന്ത്രങ്ങൾക്ക് വഴങ്ങലാകും. വാസ്തവത്തിൽ തന്റെ പൊതുതാല്പര്യക്കേസുകളിലേക്ക് മടങ്ങാനായിരുന്നു പ്രശാന്തിന്നു താല്പര്യം.

ദിവസവും ഏതാണ്ട് 12 മണിക്കൂർ നേരം പൊതുതാല്പര്യ കേസുകൾക്കായി പ്രശാന്ത് വിനിയോഗിക്കുന്നു. അതിലദ്ദേഹത്തിന്ന് പരാതിയുമില്ല. പ്രശാന്തിന്റെ മുത്തഛൻ അല്ലാഹാബാദ് ഹൈക്കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു; അഛൻ ശാന്തിഭൂഷണാകട്ടെ ഏതാണ്ട് 65 കൊല്ലമായി അഭിഭാഷകനാണ്. ചുരുക്കത്തിൽ പ്രശാന്തിന്റെ വീട്ടിൽ നിയമകാര്യ ചർച്ചകൾ വീട്ടുകാര്യ സംഭാഷണംപോലെയായിരുന്നു. പ്രശാന്തിന്റെ അനുജത്തി ഷിഫാലി പറയുന്നത്, താൻ കോളേജിൽ എത്തുന്നതിന്നു മുമ്പുതന്നെ അഛൻ ശാന്തിഭൂഷൺ തന്നെ കോൺട്രാക്ട് നിയമം പഠിപ്പിച്ചുവെന്നാണ്. എന്നാൽ പ്രശാന്ത് ഭൂഷൺ നിയമം പഠിക്കാൻ കൂട്ടാക്കിയില്ല. പ്രശാന്ത് അങ്ങനെയാണ്; അദ്ദേഹം ഒരു ധിക്കാരിയായിരിക്കാൻ ഇഷ്ട്പ്പെടുന്നു. ഭൂഷണൻമാർ ആര്യസമാജക്കാരാണെങ്കിലും പ്രശാന്ത് അതിനെ തള്ളിപ്പറഞ്ഞു; താനൊരു നാസ്തികനാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. നിമയപഠനത്തിന്നു മുതിരുന്നതിന്നു പകരം പ്രശാന്ത് മദ്രാസ് ഐ.ഐ.ടി.യിൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങിന്നാണ് ചേർന്നത്. പക്ഷെ ഒരു കൊല്ലത്തിന്നകം അത് ഉപേക്ഷിച്ച് സാമ്പത്തികശാസ്ത്രപഠനത്തിന്നു ചേർന്നു. അതും നീണ്ടു നിന്നില്ല. പിന്നീട് അമേരിക്കയിലെ പ്രിൻസ്ടൻ യൂണിവേഴ്സിറ്റിയിൽ ശാസ്ത്രത്തിന്റെ തത്വശാസ്ത്രം പഠി

ക്കാൻ ചേർന്നു. അതും കഷ്ടിച്ച് ഒരു കൊല്ലമേ നീണ്ടുനിന്നുള്ളൂ.

തുടർന്ന് അല്ലാഹാബാദിൽ തിരിച്ചെത്തിയ പ്രശാന്ത് നിയമ പഠനത്തിന്നു തന്നെ ചേർന്നു. നിമയ പഠനത്തിന്റെ മൂന്നാം വർഷം, 19-ാം വയസ്സിലാണ് പ്രശാന്ത് തന്റെ ആദ്യത്തെ ഗ്രന്ഥം രചിച്ചത് – "രാഷ്ട്രത്തെ പിടിച്ചു കുലുക്കിയ കേസ്". ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പിന്നെതിരായി അല്ലാഹാബാദ് ഹൈക്കോടതിയിൽ ശാന്തി ഭൂഷണൻ നടത്തിയ കേസും, അഴിമതി കുറ്റത്തിന്ന് ഇന്ദിരയുടെ ലോകസഭാംഗത്വം നഷ്ടപ്പെട്ടതും, പ്രതിപക്ഷ ഭൂകമ്പത്തെത്തുടർന്ന് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതും മറ്റുമായിരുന്നു പ്രതിപാദന വിഷയം.

നിയമ ബിരുദം നേടിയശേഷം പ്രശാന്ത് അല്ലറ ചില്ലറ കേസുകളുമായി മുന്നോട്ടു പോയി. 1983 ലാണ് പ്രശാന്ത് പൊതുതാല്പര്യ ഹർജികളുടേതായ ലോകത്തിൽ കാൽകുത്തുന്നത്. ദൂൺ താഴ്‌വരയിൽ ഖനനം നടത്തുന്നതുമൂലമുണ്ടാകുന്ന കെടുതികളെക്കുറിച്ച് വന്ദന ശിവ എന്ന പരിസ്ഥിതി പ്രവർത്തകയാണ് കേസുമായി വന്നത്. കോളേജിൽ കുറച്ചുകാലം ഫിസിക്സ് പഠിച്ചിരുന്നതിനാൽ പ്രശാന്തിന്ന് കാര്യം എളുപ്പത്തിൽ പിടികിട്ടി. – ഇത് 1983 ലാണ്.

അതുകഴിഞ്ഞപ്പോഴേക്കും ബോഫോഴ്സ് കുംഭകോണക്കേസ് ഏൽക്കേണ്ടിവന്നു. "ബോഫോഴ്സ്: രാഷ്ട്രത്തെ വിറ്റകഥ" എന്ന ഗ്രന്ഥം രചിച്ചത് ഇക്കാലത്താണ്. അപ്പോഴേക്കും 15,000 പേരെ കൊന്ന ഭോപ്പാൽ വിഷവാതക ദുരന്തക്കേസ് ഏറ്റെടുക്കേണ്ടിവന്നു. ഗവർമ്മേണ്ട്തന്നെ നടത്തിയ അട്ടിമറികൾ മൂലം കേസങ്ങനെ നീണ്ടുപോയി. ഒടുവിൽ മനംമടുത്ത് അദ്ദേഹം അഭിഭാഷക വൃത്തിതന്നെ വിട്ടുവെന്നു പറയാം. ബോഫോഴ്സ് കേസ്, നർമ്മദ നദീതടക്കേസ്, ഭോപ്പാൽ വിഷവാതകക്കേസ് എന്നിവയെല്ലാം മറ്റുള്ളവരെ ഏല്പിച്ചു. അഭിഭാഷക വൃത്തിയേക്കാൾ, ജനകീയ സമരനായകനാകാനാണ് അദ്ദേഹം വെമ്പിയത്. എന്നിട്ടും എണ്ണമറ്റ കേസുകളിൽ പ്രശാന്ത് ഭൂഷൺ ഹാജരായി വാദം നടത്തി. ഇപ്പോൾ നടന്നുവരുന്ന 2-ജി കേസ്, നീര റാഡിയ ടേപ്പ് കേസ്, ഡോ. വിനായക് സെന്നിന്റെ കേസ്, എൻറോൺ കേസ്, അരുന്ധതി റോയിക്കെതിരായ കോർട്ടലക്ഷ്യക്കേസ്, വിവരാവകാശ കേസ്, ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ വെട്ടിപ്പുകൾ സംബന്ധിച്ച കേസ്, പന്ന എണ്ണപ്പാട കേസ്, ജഡ്ജിമാർ സ്വത്തുവിവരം പ്രഖ്യാപിക്കണമെന്ന കേസ് എന്നിങ്ങനെ അറ്റമില്ലാതെ നീണ്ടുപോകുന്നു. അനീതികൾക്കെതിരെ ഒരു ഒറ്റയാൾ പോരാട്ടമെന്നുതന്നെ ഇതിനെപ്പറ്റി പറയാം. മാധ്യമങ്ങൾക്ക് ഒരു അക്ഷയ ഖനി എന്നും പറയാം. എന്നാൽ ഇതേ മാധ്യമങ്ങൾ ഈയിടെ പ്രശാന്ത് ഭൂഷണന്നെതിരേയും തിരിയുകയുണ്ടായി.

ഒരുമാസം മുമ്പാണ് പുതിയ ലോക്പാൽ കമ്മിറ്റിയുടെ ആദ്യത്തെ സമ്മേളനം കഴിഞ്ഞതേയുള്ളൂ. കമ്മിറ്റിയുടെ കോ ചെയർമാൻ ശാന്തിഭൂഷണനും അംഗങ്ങളിലൊരാൾ പ്രശാന്ത് ഭൂഷണനുമാണ്. അതിന്നകംതന്നെ ഭൂഷണന്മാർക്കെതിരെ അഴിമതിയാരോപണങ്ങൾ പ്രചരിച്ചു തുടങ്ങിയിരുന്നു. ദൽഹി പ്രസ്ക്ലബ് നടത്തിയ ഒരു പത്രസമ്മേളനത്തിൽ പ്രശാന്ത് അതിനെയെല്ലാം നിഷേധിച്ചു.

ദൽഹിയിലെ ഇന്ത്യൻ എക്സ്പ്രസ്സിന്ന് അജ്ഞാതനായ ഒരാൾ ഒരു CD എത്തിച്ചു കൊടുത്തതാണ് കുഴപ്പത്തിന്ന് ആരംഭമിട്ടത്. ശാന്തിഭൂഷണനും സമാജ്‌വാദി നേതാവായ മുലായംസിങ് യാദവും, സമാജ് വാദി നേതാവായിരുന്ന അമർസിങ്ങും തമ്മിൽ നടന്ന ഒരു സംഭാഷണത്തിന്റെ ഓഡിയോ കാസറ്റായിരുന്നു അത്. നാലുകോടി രൂപ തന്നാൽ അമർസിങ്ങിന്നെതിരായ ഒരു കേസ് ഒതുക്കിത്തീർക്കാൻ മകൻ പ്രശാന്തിനെ ഏർപ്പാടു ചെയ്യാമെന്ന് ശാന്തി ഭൂഷൺ പറയുന്നുവെന്നാണ് കാസറ്റിലുള്ളത്. ഈ കാസറ്റ് കൃത്രിമ നിർമ്മിതമാണെന്ന് പ്രശാന്ത് ഭൂഷൺ പത്രക്കാരെ അറിയിച്ചു. പക്ഷെ പത്രക്കാർ വിട്ടില്ല. പ്രതികുറ്റം നിഷേധിച്ചാലെന്താണ് കാര്യമെന്നായി അവർ. ഇത് പ്രശാന്തിനെ വല്ലാതെ അസ്വസ്ഥനാക്കി. ശാന്തിഭൂഷണനോട് പറഞ്ഞപ്പോൾ അദ്ദേഹത്തിന്ന് അതൊരു തമാശയായിരുന്നു. ആർക്കും ഇത്തരം കാസറ്റുകൾ കൃത്രിമമായി നിർമ്മിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ശാന്തി ഭൂഷണനേയും പ്രശാന്ത് ഭൂഷണനേയും കുറിച്ച് സംസാരിക്കുമ്പോൾ അവരൊരു ടീമാണെന്ന ധാരണയാണ് ജനങ്ങൾക്കുണ്ടാകാറുള്ളത്. വാസ്തവം നേരെ മറിച്ചാണ്. തികഞ്ഞ മുതലാളിത്ത വക്താവ് എന്നാണ് പ്രശാന്ത് തന്റെ അച്ഛനെപ്പറ്റി പറയുക. ശാന്തി ഭൂഷൺ അണക്കെട്ടു നിർമ്മാണത്തേയും ഖനനത്തേയുമെല്ലാം ഇഷ്ടപ്പെടുന്നു. എന്തെല്ലാം കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും കോൺഗ്രസ്സാണ് ഭേദമെന്നാണ് ശാന്തിഭൂഷണന്റെ നിലപാട്. ശരിക്ക് നഷ്ടപരിഹാരം നൽകുമെങ്കിൽ ഏതുഭൂമിയും അക്വയർ ചെയ്യാമെന്നാണ് അദ്ദേഹം പറയുക. ടാറ്റായുടെ പുതിയ നാനോ കാർ വാങ്ങിയതിൽ ശാന്തിഭൂഷൺ അഭിമാനിക്കുന്നു.

പ്രശാന്ത് ഇതിനൊക്കെ എതിരാണ്. വൻകിട അണക്കെട്ടുകൾ നിർമ്മിക്കുന്നതിനേയും ഖനനം നടത്തുന്നതിനേയും എതിർക്കുന്ന ആളാണദ്ദേഹം. പ്രശാന്ത് എല്ലാ രാഷ്ട്രീക്കാരേയും വെറുക്കുന്നു. എല്ലാ അക്വിസിഷന്നും അദ്ദേഹം എതിരാണ്. പ്രശാന്തിന്റെ ശക്തിയായ എതിർപ്പിനെ മറികടന്നു കൊണ്ടാണ് ശാന്തി ഭൂഷൺ നാനോ കാർ വാങ്ങിയത്. കൊക്കകോളക്കെതിരായ കേസ് വാദിച്ചതിന്നുശേഷം വീട്ടിൽ കോള കാണാൻ പാടില്ലെന്ന് പ്രശാന്ത് നിരോധിച്ചിട്ടുണ്ടെങ്കിലും കുട്ടികൾ മുത്തഛന്റെ അടുത്തുപോയി ഒരു ഗ്ലാസ് കോള അകത്താക്കിയെന്നുവരും.

ശാന്തിഭൂഷൺ വീട്ടുവേലക്കാർക്കും ഓഫീസ് ജീവനക്കാർക്കുമെല്ലാം എട്ടോ പത്തോ ലക്ഷം രൂപ പലിശയില്ലാ വായ്പയായി നൽകിയിട്ടുണ്ട്. ഇവരിൽ പലരുടേയും കുട്ടികൾ പഠിക്കുന്നത് ശാന്തിഭൂഷൺ നൽകുന്ന സഹായംകൊണ്ടാണ്. അഛനും മുത്തഛനും തമ്മിൽ തർക്കമൊഴിഞ്ഞിട്ടുള്ള നേരമില്ല എന്നാണ് പ്രശാന്തിന്റെ മകനും ഓക്സ്ഫോർഡിലെ വിദ്യാർത്ഥിയുമായ മാനവ് പറയുന്നത്. "ഞങ്ങളുടെ വീട്ടിൽ ഊൺമേശയുണ്ടാക്കിയിരിക്കുന്നതുതന്നെ തർക്കിക്കാനാണെന്നു തോന്നുന്നു"വെന്നാണ് അദ്ദേഹം പറയുന്നത്.

പ്രശാന്ത് ഭൂഷൺ കോടതിയിൽ പോകുന്നതിലധികവും സൗജന്യമായി കേസു വാദിക്കാനാണ്. എല്ലാം പൊതുതാല്പര്യ ഹർജികളായിരിക്കും. എന്നാൽ ശാന്തിഭൂഷൺ ഏതാണ്ട് അറുപതു കൊല്ലമായി വൻകിടക്കാരുടെ കേസുകളാണ് നടത്തുന്നത്. ഒരു ദിവസം കോടതിയിൽ ഹാജരായി വാദം നടത്താൻ ശാന്തിഭൂഷൺ രണ്ടു ലക്ഷം മുതൽ നാലു ലക്ഷംവരെ ഫീസ് വാങ്ങുന്നുണ്ട്. എന്നാൽ ചിപ്പോൾ പ്രശാന്ത് വാദിച്ച് അഛനെ തോല്പിച്ചു കളയും. അങ്ങനെ വരുമ്പോൾ ശാന്തിഭൂഷനും സൗജന്യമായി കേസ് വാദിക്കും. വാസ്തവത്തിൽ അത് മകനെ സഹായിക്കാനാണ്. എനിക്ക് പിടിക്കാനൊരു പുളിങ്കൊമ്പുണ്ട് എന്നതുകൊണ്ടാണ് ഞാനിങ്ങനെ സൗജന്യമായി പൊതുതാല്പര്യ ഹർജികൾ ഏൽക്കുന്നത് എന്ന് പ്രശാന്ത് പറയുന്നു.

പൊതുതാല്പര്യ കേസുകൾ ഏറ്റെടുക്കുക എന്നതിന്നർത്ഥം സമൂഹത്തെ പൊതുവെ ബാധിക്കുന്ന കേസുകൾ നടത്തുക എന്നാണ്. കോടതി വഴി നേടാവുന്ന കാര്യങ്ങൾക്ക് പരിമിതികളുണ്ട്. അതുകൊണ്ടദ്ദേഹം പൊതുപ്രവർത്തകരുടേയും പത്രക്കാരുടേയുമായൊരു പടയണിയെ പിന്നിൽ അണിനിരത്തുന്നു. നർമ്മദാ കേസുപോലെ വിഷമതരമായ പലകേസുകളിലും അദ്ദേഹം ശാന്തിഭൂഷണനെ പ്രേരിപ്പിച്ച് രംഗത്തിറക്കാറുണ്ട്. “നർമ്മദാ സംരക്ഷണ പ്രസ്ഥാനത്തെപ്പറ്റി പ്രശാന്തഭൂഷണന്ന് സ്വാഭാവികമായിത്തന്നെ നല്ല അറിവുണ്ട്; എന്നാൽ ശാന്തിഭൂഷണനോട് എത്ര പറഞ്ഞാലും അദ്ദേഹത്തിന്ന് ബോധ്യം വരുന്നില്ല” എന്നാണ് മേധാ പട്കർ പറഞ്ഞത്. തന്മൂലം ശാന്തിഭൂഷണനെ ഒരു ദിവസം നർമ്മദാ നദീതടത്തിൽ കൊണ്ടുപോയി വീടും കുടിയും നഷ്ടപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ സ്ഥിതി കാണിച്ചു കൊടുക്കേണ്ടിവന്നു. അതോടെ അദ്ദേഹത്തിന്ന് സ്ഥിതിഗതികളുടെ ഗൗരവം ബോധ്യമായി.

എന്നാൽ രണ്ടുകാര്യങ്ങളിൽ അഛനും മകനും സമാന സ്വഭാവക്കാരാണ്-(1) പിശുക്ക് (2) അഴിമതിയോടുള്ള അലർജി. പഴകി കീറിയ കുർത്ത ധരിച്ചു നടക്കുന്നതിൽ ശാന്തിഭൂഷൺ അഭിമാനം കൊള്ളുന്നു. പരേതയായ പത്നി പണ്ടെന്നോ തുന്നിക്കൂട്ടിവച്ചതായിരിക്കും ശാന്തിഭൂഷൺ ധരിച്ചിരിക്കുന്ന കുർത്ത. ഇപ്പോൾ ഒരു തുന്നൽക്കാരനെ ഇതിന്നായി ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒരാളുടെ വരുമാനം നോക്കിയല്ല അയാൾ എത്രത്തോളം സമ്പന്നനാണെന്ന് നിശ്ചയിക്കേണ്ടത്; അയാൾ എത്രത്തോളം മിച്ചമുണ്ടാക്കുന്നു എന്നു നോക്കിയാണ് എന്നതാണ് ശാന്തിഭൂഷണന്റെ വേദാന്തം. എന്നാൽ പ്രശാന്തിന്റെ പിശുക്ക് കൂടുതലും പ്രത്യയശാസ്ത്രപരമാണ്. ബസ്സിൽ യാത്ര ചെയ്യേണ്ടതെങ്ങനെ എന്നു മറക്കുക എന്നതിന്നർത്ഥം ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ മറക്കുക എന്നാണ്.

ജനാധിപത്യത്തിന്റെ ഏറ്റവും ജീർണിച്ച തൂണാണ് നീതിന്യായ വിഭാഗമെന്ന കാര്യത്തിൽ രണ്ടുപേരും ഏകാഭിപ്രായക്കാരാണ്. 1970 ൽതന്നെ ഇവർ നീതിന്യായ പരിഷ്ക്കരണത്തിന്നായി ഒരു പ്രസ്ഥാനം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഇക്കാര്യത്തിൽ ജഡ്ജിമാർക്കും ചീഫ് ജസ്റ്റീസുമാർക്കും പ്രത്യേകം ഉത്തരവാദിത്വമുണ്ടെന്നാണ് അവരുടെ വാദം.

ഒരിക്കൽ കോടതിയിൽ തർക്കം മൂത്തപ്പോൾ ശാന്തിഭൂഷണനെ “തെരുവു തെണ്ടി”യായി വിശേഷിപ്പിക്കപ്പെടുകയുണ്ടായി. ഇന്ത്യയിലുണ്ടായിട്ടുള്ള 16 ചീഫ് ജസ്റ്റീസുമാരിൽ എട്ടുപേരും അഴിമതിക്കാരായിരുന്നുവെന്ന് പറഞ്ഞ് കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച പ്രശാന്ത് ഭൂഷണനെ പിൻതാങ്ങി സത്യവാങ് മൂലം സമർപ്പിച്ച് ശാന്തിഭൂഷൺ ജയിലിലേക്കുള്ള വഴി കണ്ടതായിരുന്നു.

അഴിമതിക്കെതിരെ പോരാടാനിറങ്ങുമ്പോൾ, അഴിമതിക്കാർ വെറുതെയിരിക്കുമെന്ന് കരുതിക്കൂടാ. അവർ ഭൂഷണന്മാർക്കെതിരെ കെട്ടുകണക്കിന്ന് ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. ശത്രുക്കൾക്കു പുറമെ മിത്രങ്ങളും അതിൽ പങ്കാളികളാകുമ്പോൾ, കോലാഹലങ്ങൾ അസഹനീയമായിത്തീരുന്നു. അതിന്നിനിയും മൂർച്ചയേറുമെന്നുതന്നെ കരുതണം. കാരണം, ഭരണസംവിധാനമാകെ - പാർലിമെന്റും ജൂഡീഷ്യറിയും മാത്രമല്ല സർവ്വസംരക്ഷകരായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പത്രലോകം പോലും - ഇവിടെ അഴിമതിയിലാണ്ടു കിടപ്പാണ്. അതിന്നെതിരെ പടവാളൂരുന്നവരെ അവർ നശിപ്പിച്ചേ അടങ്ങൂ. ❑

# ഇന്ത്യയിലെ ദളിതരായ കോടീശ്വരന്മാർ

**- അനുരാധ രാമൻ -**

മഹാരാഷ്ട്രത്തിലെ സാംഗ്ലി ജില്ലയിലെ പേഡ് ഗ്രാമത്തിലേക്കുള്ള വഴിയിലാണ് ആ മരം നിൽക്കുന്നത്. അശോക് ഖാദെ അതിന്നടുത്തെത്തിയാൽ കാർ നിർത്തിക്കും. കാരണം, ചെരുപ്പുകുത്തിയായിരുന്ന തന്റെ പിതാവ് ആ മരത്തിന്റെ ചുവട്ടിലിരുന്നാണ് പണിയെടുക്കാറുള്ളത്. അയിത്ത ജാതിക്കാരനായ ഖാദേക്ക് ഗ്രാമത്തിലെ മൈതാനത്തിൽ കടക്കാൻ പാടില്ലായിരുന്നു; കിണററിൽനിന്ന് വെള്ളമെടുക്കാൻ പാടില്ലായിരുന്നു; ക്ഷേത്രത്തിൽ കടക്കാനും പാടില്ല. ഇരുളടഞ്ഞ ആ മഹാ നരകത്തിൽ ബാലനായ ഖാദെക്ക് ഒരേഒരു ആശാകിരണം വിദ്യാഭ്യാസമായിരുന്നു. ഖാദെ ആ വൈക്കോൽ തുരുമ്പിന്മേൽ മുറുകെ പിടിച്ചു. പകലെല്ലാം മസ്ഗവോൺ ഡോക്സിൽ എല്ലുമുറിയെ പണിയെടുക്കണം. രാത്രി ചടഞ്ഞിരുന്ന് പഠിക്കും. അത് എളുപ്പമൊന്നുമായിരുന്നില്ല. താമസസ്ഥലത്തിന്ന് വാടക കൊടുക്കാൻ കഴിവില്ലാത്തതിനാൽ പലപ്പോഴും കോണിച്ചുവട്ടിൽ ചുരുണ്ടുകൂടി കിടക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും അവസാനം വിജയിക്കുകതന്നെ ചെയ്തു. മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഖാദെ ഒരു ഡിപ്ലോമ നേടി.

ആ ഖാദെ ഇന്ന് കൊല്ലത്തിൽ 550 കോടി വിറ്റുവരവുള്ള ഒരു സാമ്രാജ്യത്തിന്റെ അധിപതിയാണ്. 4500 പേർക്ക് അദ്ദേഹത്തിന്റെ ബിസിനസ്സിൽ തൊഴിൽ നൽകുന്നുണ്ട്. “ദാസ് ഓഫ്ഷോർ” എന്നാണ് അദ്ദേഹത്തിന്റെ കമ്പനിയുടെ പേർ. എണ്ണ ഖനനം നടത്തുന്ന ഓഫ്ഷോർ റിഗ്ഗുകൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് മുഖ്യ ബിസിനസ്. മേൽപാലങ്ങളുടെ പണിയും ഇവർ ഏറ്റെടുക്കുന്നുണ്ട്.

ഖാദെയും മറ്റൊരു മുപ്പതു ബിസിനസ്സുകാരും അടങ്ങിയതാണ് ഇന്ത്യയിലെ ദളിത കോടീശ്വരന്മാർ; അവരിലൊരാൾ ഒരു സ്ത്രീയുമാണ്. ഇവരിലാർക്കുംതന്നെ പൈതൃകമായി പ്രത്യേകിച്ചൊന്നുമുണ്ടായിരുന്നില്ല. പഠിപ്പിലൂടെ, അധ്വാനത്തിലൂടെ പിടിച്ചുകയറിയവരാണ് ഓരോരുത്തരും. ആയിരമായിരം പേർക്ക് ഇവർ തൊഴിൽ നൽകുന്നുണ്ടെന്നല്ല, ഇവരിലാരുംതന്നെ സംവരണത്തിന്റെ തണലിൽ വളർന്നുവന്നവരല്ല. കഠിനാധ്വാനത്തിലൂടേയും തികഞ്ഞ ആത്മവിശ്വാസത്തിലൂടേയും പൊരുതി കയറിയവരാണിവരെല്ലാം. ഇവരിന്ന് തങ്ങളുടെ മുൻഗാമികളിൽനിന്ന് ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. ഇന്ത്യൻ വ്യവസായികളുടെ കോൺഫെഡറേഷൻ (CII) തങ്ങളുടെ സംഘടനയുടെ അനുബന്ധമായി ഒരു ദളിത് ഇന്ത്യൻ വാണിജ്യ-വ്യവസായ ചേമ്പർ രൂപീകരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്.

എല്ലാകൊല്ലവും ഫോർച്യൂൺ മാസിക കോടീശ്വരന്മാരുടെ പട്ടിക പ്രസിദ്ധീകരിക്കാറുണ്ട്. അതിൽകൂടി കണ്ണോടിക്കുമ്പോൾ ഞങ്ങളിലൊരാൾക്ക് അതിൽ എന്നു സ്ഥാനം ലഭിക്കുമെന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട് എന്ന് പൂനയിലെ ഫോർച്യൂൺ കൺസ്ട്രക്ഷൻ കമ്പനിയുടെ മേധാവിയായ മിലിന്ദ് കാംബ്ലെ പറയാറുണ്ട്. “ഞങ്ങളിലൊരാൾക്ക്” എന്നാൽ ഒരു ദളിതന്ന് എന്നർത്ഥം. (ഫോർച്യൂൺ മാസികയുടെ കോടീശ്വര പട്ടികയിൽ സ്ഥാനം ലഭിക്കണമെങ്കിൽ നൂറുകോടി

ഡോളറിന്റെ ആസ്തിയെങ്കിലും വേണം.)

ഔട്ട്ലുക്ക് ദളിത് വാണിജ്യ-വ്യവസായ ചേമ്പർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ദളിതുകളായ മുപ്പത് കോടീശ്വരന്മാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റ് അപൂർണ്ണമാണ്. കോടീശ്വരന്മാർ വേറേയും ഉണ്ടാകാം. ഇവരിൽ ഓരോരുത്തർക്കും അവരുടേതായ കഥ പറയാനുണ്ടാകുമെന്നല്ല ദളിതുകൾക്കെതിരായ വിവേചനത്തിന്റെ നൂറ്റാണ്ടുകളോട് പൊരുതി ജയിച്ചുവന്ന കഥയും അവർക്ക് പറയാനുണ്ട്. മറ്റൊരത്ഭുതം കൂടിയുണ്ട്. ഈ ദളിത് വ്യവസായശാലകളിൽ പലതും ദളിതുകൾക്ക് കാൽകുത്താൻ പോലും അനുമതി നൽകാതിരുന്ന മേഖലകളിലാണിപ്പോൾ സ്ഥാപിതമായിരിക്കുന്നത്.

ദൽഹിയിലെ ജവാഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിൽ ദളിത് പഠനങ്ങൾക്കായി ഒരു ഇൻസ്റ്റിട്യൂട്ടുണ്ട്. അവിടത്തെ സുരീന്ദർ എസ് ജോധ്ക വിപണിയിലെ മത്സരത്തിന്റെ തീവ്രത തുറന്നു കാട്ടുന്നു. വിപണിയിൽ ബിസിനസ്സെല്ലാം പരസ്പരം ഘടിപ്പിച്ച ശൃംഖലകളാണ്. ജാതിയാണ് ആധാരം. അതിൽ ദളിത് ചെന്നുകയറിയാൽ ഭൂമി കിട്ടില്ല; ആസ്തിയുണ്ടാക്കാനാവില്ല. വിവേചനം അയിത്തത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല; സാമൂഹ്യം കൂടിയാണ്. വേണ്ടത്ര വൈദഗ്ധ്യമുണ്ടാവില്ല; നല്ല ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിവുണ്ടാകില്ല. ഇതൊക്കെ പതുക്കെ നേടിയെടുക്കേണ്ട കഴിവുകളാണ്. അതിന്നും പുറമെ സ്വകാര്യ മേഖല നിർദ്ദയമാണ്. അവർ പരമാവധി ചൂഷണം ചെയ്യും. സർക്കാർ മേഖലയിലാകട്ടെ, ഉദാരവൽക്കരണംമൂലം അവസരങ്ങൾ കുറഞ്ഞുവരികയും ചെയ്യുന്നു.

വിപണി സകലതിനേയും സമനിരപ്പാക്കുമെന്നാണ് ചൊല്ല്. ദളിതുകളെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. ദളിതൻ ദരിദ്രനും പിന്നോക്ക ജാതിക്കാരനുമാകയാൽ വായ്പ കിട്ടില്ല.

മുംബായിലെ കാമാനി ട്യൂബ്സിന്റെ ചീഫായ കല്പന സരോജ് അത് ഏറ്റു പറയുന്നു. പന്ത്രണ്ടാം വയസ്സിൽ വിവാഹിതയായ കല്പന അല്ലാഹാബാദ് ബാങ്കിൽനിന്ന് 40,000 ക. വായ്പയെടുത്തുകൊണ്ടാണ് ബിസിനസ്സിന്നിറങ്ങിയത്. കുറച്ചു തുന്നൽ യന്ത്രങ്ങൾ വാങ്ങി ചിത്രതുന്നൽ അറിയുന്ന പെൺകുട്ടികളെ ഏല്പിച്ചു. അധികം കഴിയുംമുമ്പ് ഭൂകച്ചവടത്തിലേർപ്പെട്ടു; അതിന്നപ്പുറം കെട്ടിട നിർമ്മാണത്തിൽ വ്യാപൃതയായി. അപ്പോൾ കാമാനി ട്യൂബ്സ് കടംകയറി മുടിഞ്ഞുകിടക്കുകയായിരുന്നു. കല്പന 140 കോടിയുടെ കടം തീർത്ത് കമ്പനി സ്വന്തമാക്കി. ചെറിയ തോതിൽ പ്രവർത്തനമാരംഭിച്ച ഈ കമ്പനിക്കിപ്പോൾ കൊല്ലത്തിൽ 100 കോടി വിറ്റുവരവുണ്ട്.

ഒരു ബിസിനസ്സ് വേരുപിടിച്ചു വളരാൻ തുടങ്ങിയാൽ പിന്നെ വായ്പക്കൊന്നും വിഷമം വരില്ലെന്ന് ദേവ്ജി ഭായി മക്വാന പറയുന്നു. മീൻപിടുത്തത്തിന്നുള്ള വലയുണ്ടാക്കുന്നതിന്ന് മക്വാന ഒരു വായ്പക്ക് ശ്രമിച്ചപ്പോൾ വല്ലാതെ കഷ്ടപ്പെടേണ്ടിവന്നു. എന്നാൽ ഇന്ന് ബാങ്കുകാർ പണവും കൊണ്ട് ക്യൂ നിൽക്കുകയാണ്. മക്വാനയുടെ കമ്പനിക്കിപ്പോൾ കൊല്ലത്തിൽ 300 കോടിയുടെ വിറ്റുവരവുണ്ട്.

ഈ ദളിതോദ്ധാരണ രംഗത്ത് സർക്കാർ എവിടെ നിൽക്കുന്നു? സ്വാതന്ത്ര്യം നേടി കൊല്ലം അറുപത് കഴിഞ്ഞെങ്കിലും ചില ക്ഷേമ പരിപാടികൾ പ്രഖ്യാപിക്കുന്നതിൽ സർക്കാരിന്റെ ദളിതോദ്ധാരണം അവസാനിക്കുന്നു. സ്വകാര്യ മേഖലയിൽ ദളിതുകൾക്കും ജോലി നൽകമമെന്ന് 2007ൽ തീരുമാനിച്ചുവെങ്കിലും അതിപ്പോഴും കടലാസിലാണ്. ബിസിനസ്സുകാർക്ക് അത് സ്വീകാര്യമല്ല. ദളിതുകൾക്ക് ഒന്നിന്നും

## ദളിത് കോടീശ്വരന്മാരിൽ വമ്പന്മാരായ പത്തുപേർ

1. നാത്തറാം
   (സ്റ്റീൽ മോണ്ട് പ്രൈവറ്റ് ലി.) മുംബായ് വിറ്റുവരവ് 600 കോടി രൂപ
2. അശോക് ഖാദെ
   (ദാസ് ഓഫ്ഷോർ എഞ്ചിനിയറിങ്) മുംബായ്- വിറ്റുവരവ് 550 കോടി രൂപ
3. കല്പന സരോജ്
   (കാമാനി ട്യൂബ്സ്) മുംബായ് - 100 കോടി രൂപ
4. മിലിന്ദ് കാംബ്ലെ
   (ഫോർച്യൂൺ കൺസ്ട്രക്ഷൻസ്) പൂന - 101 കോടി രൂപ
5. സഞ്ജയ് ക്ഷീരസാഗർ
   (സൗണ്ട് സൺസെപ്റ്റ്) മുംബായ് - 100 കോടി രൂപ
6. ദേവ്ജി ബായ് മക്വാന
   (സുരാജ് ഫിലിമെന്റ്) ഗുജറാത്ത് - 300 കോടി രൂപ
7. സ്വാപ്നിൽ ഭിൻഗാർദേവ
   (ഖണ്ഡോബ പ്രസന്ന) പൂന - 90 കോടി രൂപ
8. മൽകിയാത്ത് ചന്ദ്
   (ജനഗൽ എക്സ്പോർട്) ലുധിയാന - 70 കോടി രൂപ
9. ഡോ. സുശാന്ത് മെഷ്റാം (മൾടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ) നാഗപ്പൂർ - 40 കോടി രൂപ
10. അവിനാശ് ജഗ്പത് (എവറസ്റ്റ് സ്പൈൻ പൈൻസ്) പൂന 35 കോടി രൂപ.

25 കോടി രൂപ മുതൽ മുപ്പത് കോടി വരെ വിറ്റുവരവുള്ളവരാണ് മറ്റു ദളിത് കോടീശ്വരന്മാർ. ഇവരിലധികവും മഹാരാഷ്ട്രക്കാരാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. വിദ്യാഭ്യാസ കാര്യങ്ങളിലുണ്ടായിരുന്ന ശ്രദ്ധയും അംബേദ്കറുടെ സ്വാധീനവും ഇതിനു കാരണമായിട്ടുണ്ടാകും.

ശേഷിയില്ലെന്നാണ് അവരുടെ വാദം. വിപണി സംസ്കാരത്തിൽ ഒരു കാര്യത്തിലും ജാതിക്കും മതത്തിന്നും സ്ഥാനമില്ലെന്നു പറയുന്നവർതന്നെയാണ് ദളിതുകളുടെ കാര്യം വരുമ്പോൾ ജാതിയും മതവുമെല്ലാം അവതരിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ ദളിതുകൾക്ക് ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരുക എന്നത് അസാധ്യം തന്നെയാണ്.

അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊ. അനിൽ ഗുപ്തക്ക് പിടികിട്ടാത്തൊരു കാര്യമുണ്ട്. ദളിതുകളെ സജീവമായി സഹായിക്കാൻ ബാധ്യസ്ഥമായ ഗവർമ്മേണ്ട് ചുമതലയിൽനിന്നെല്ലാം മാറി നിൽക്കുന്നതെന്തുകൊണ്ടാണ്? പാവപ്പെട്ട ദളിതുകളുടെ കാര്യം വരുമ്പോൾ, അവരുടെ "വൈദഗ്ധ്യ വികസന"ത്തെപ്പറ്റിയാണ് സർക്കാർ പറയുക. എന്നാൽ പണക്കാർക്ക് സർക്കാർ നൽകുന്നത് "നേതൃത്വ വികസന"മാണ്! വളരെയധികം ദളിതുകളുള്ള സംസ്ഥാനങ്ങളിൽ ഗവർമ്മേണ്ട് എത്ര ലീഡർഷിപ്പ് ഇൻസ്റ്റിട്യൂട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്? എന്നാണദ്ദേഹം ചോദിക്കുന്നത്.

വിരോധാഭാസമെന്നു പറയട്ടെ, ദളിതോദ്ധാരണത്തിന്ന് മുൻകയ്യെടുക്കുന്നത് പലേടത്തും ദളിതുകൾ തന്നെയാണ്. റൂർക്കി ഐ.ഐ.ടി.യിൽനിന്ന് ബിരുദമെടുത്ത ഹരീശ് ഭാസ്കർ ആഗ്രയിൽ സ്ഥാപിച്ച കോട്ട ടൂട്ടോറിയൽസ് പ്രസിദ്ധമാണ്. ഐ.ഐ.ടി. കളിൽ പ്രവേശനം നേടുന്നതിന്നുള്ള പരിശീലനത്തിന്നായി ദളിതുകൾ മാത്രമല്ല, എല്ലാ ജാതിക്കാരും തന്റെ ടൂട്ടോറിയലിൽ വരുന്നുണ്ടെന്ന് അദ്ദേഹം അഭിമാനപൂർവ്വം പറയുന്നു

# തിരഞ്ഞെടുപ്പിൽ ആനുപാതിക പ്രാതിനിധ്യ രീതി നടപ്പാക്കണം

**തി**രഞ്ഞെടുപ്പിൽ പണം ചെലുത്തുന്ന സ്വാധീനശക്തി ഇല്ലാതാക്കാൻ രാഷ്ട്രീയ കക്ഷികളുടെ തിരഞ്ഞെടുപ്പ് ചെലവ് സർക്കാർ വഹിക്കണമെന്ന നിർദ്ദേശം നിരർത്ഥകമാണെന്ന് മുൻ ചീഫ് എലക്ഷൻ കമ്മീഷണറായിരുന്ന ജയിംസ് എം. ലിങ്ഡോ പ്രസ്താവിച്ചു.

തിരഞ്ഞെടുപ്പിൽ പണം ചെലുത്തുന്ന സ്വാധീനം തടയാൻ പറ്റിയ മാർഗ്ഗം ആനുപാതിക പ്രാതിനിധ്യ രീതിയിലേക്ക് മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. പതിനേഴാം കോമൺവെൽത്ത് നിയമസമ്മേളനത്തിന്റെ സമാപന ദിനത്തിൽ "സ്വതന്ത്രവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ്-ജനാധിപത്യത്തിന്റെ ആത്മാവ്" എന്ന വിഷയത്തെക്കുറിച്ചുള്ള സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശേഷം പത്രക്കാരുമായി സംസാരിക്കുന്നതിന്നിടയിലാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്.

ആനുപാതിക പ്രാതിനിധ്യ സ്വഭാവത്തിലുള്ള തിരഞ്ഞെടുപ്പിൽ, വ്യക്തികളല്ല പാർട്ടികളാണ് പരസ്പരം മത്സരിക്കുക. അപ്പോൾ ആരും അത്രയധികം പണം ചെലവാക്കില്ല. പാർട്ടി നേതാക്കളുടേയും സ്ഥാനാർത്ഥികളുടേയും തിരഞ്ഞെടുപ്പ് തുറന്ന മത്സരത്തിലൂടെയാകണമെന്നും ഇതിന്റെ മേൽനോട്ടത്തിന്ന് ചില സ്വതന്ത്ര നിരീക്ഷകരെ നിയോഗിച്ചാൽ കാര്യം കുറെ മെച്ചപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് ചില മാനദണ്ഡങ്ങൾ വേണമെന്നും അത് പാലിക്കുന്നുണ്ടോ എന്നു നോക്കാൻ ആരെങ്കിലും വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ❑

---

വിദ്യാഭ്യാസത്തെ ഗൗരവപൂർണ്ണം കാണാൻ തന്റെ ജാതീയിൽപ്പെട്ടവരെ പ്രേരിപ്പിക്കാൻ താൻ അത്യധ്വാനം തന്നെ നടക്കുന്നുണ്ടെന്ന് ഭാസ്കർ പറഞ്ഞു. ഐ.ഐ.ടി., ഐ.ഐ.എം. എന്നൊക്കെ കേൾക്കുമ്പോൾതന്നെ അവർ പരിഭ്രമിക്കുന്നു. അവർക്ക് മാർഗ്ഗദർശനം നൽകാൻ ആരുമില്ല എന്ന് ഭാസ്കർ പ്രസ്താവിച്ചു. ഈ ദളിത് കോടീശ്വരന്മാരെക്കുറിച്ച് ആശങ്കയുള്ളവരും ധാരാളമാണ്. ബിസിനസ്സ് രംഗത്തുള്ള മറ്റു കോടീശ്വരന്മാർ ഈ ദളിത് കോടീശ്വരന്മാരെ പാട്ടിലാക്കിയെന്നുവരാം. വിപണിയെ സംബന്ധിച്ചിടത്തോളം ദളിത് കോടീശ്വരമാരെന്നും മറ്റുമുള്ള വിവേചനമൊന്നുംമില്ല. എല്ലാറ്റിനേയും അത് വിഴുങ്ങിക്കളയും. കോടിക്കണക്കിന്നു ദരിദ്രരുള്ള ഒരു നാട്ടിൽ മുപ്പത് കോടീശ്വരന്മാർ ഉണ്ടാകുന്നത് വലിയൊരു കാര്യമല്ല.

പുതിയ ദളിത് സമാരംഭകരെ സഹായിക്കേണ്ടതില്ല എന്ന് ഇതിന്നർത്ഥമില്ല. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ക്ഷേമത്തിന്നായി കഴിഞ്ഞ കൊല്ലം കർണ്ണാടക ബഡ്ജറ്റിൽ പത്തുകോടി രൂപ നീക്കിവച്ചിരുന്നു. ഇവർക്കുള്ള വായ്പയുടെ പലിശനിരക്ക് നാലുശതമാനമായി കുറച്ചിട്ടുണ്ട്. ഇവർ വാങ്ങുന്ന ഭൂമിക്ക് 40 ശതമാനം സബ്സിഡിയും പ്രഖ്യാപിച്ചിട്ടുണ്ട്.

വ്യവസായികളെല്ലാം തഴച്ചുവളരുന്നത് സർക്കാർ പണം കൊണ്ടും സർക്കാരിന്റെ സഹായംകൊണ്ടുമാണെന്ന് ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ പ്രൊ. അലോൺ ചൂണ്ടിക്കാട്ടുന്നു. ഇവർ സംവരണത്തിന്നെതിരാണ്. എന്നാൽ നികുതി കുറക്കുന്നതിന്ന് അനുകൂലമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സംവരണമല്ല, സഹായവും പ്രോത്സാഹനവുമാണ് അവർക്കാവശ്യം. ❑



# ഇവരെ തല്ലിപുറത്താക്കാൻ ഇന്ത്യക്കാർക്കാവില്ലേ?

- ടി.വി. അച്ചുതവാരിയർ -

**രാ**ജീവ് ഗാന്ധി കോൺഗ്രസ്സിന്റെ സർവ്വസ്വവുമായിരുന്ന കാലത്ത്, അന്തമില്ലാതെ തല്ലിപ്പടച്ചുണ്ടാക്കിയ അതിമനോഹരമായൊരു മാനിഫസ്റ്റോവുമായിട്ടാണ് കോൺഗ്രസ് 1991 ലെ തിരഞ്ഞെടുപ്പിനെ നേരിട്ടത്. എന്നാൽതിരഞ്ഞെടുപ്പ് പ്രചരണ പ്രക്രിയക്കിടയിൽ രാജീവ് ഗാന്ധി വധിക്കപ്പെട്ടു. 1984 ൽ ഇന്ദിരാഗാന്ധിയുടെ മരണം അന്നത്തെ കോൺഗ്രസ്സിനെ എങ്ങനെ അധികാരത്തിലേറ്റിയോ, അതുപോലെ രാജീവ്ഗാന്ധിയുടെ മരണത്തേയും കോൺഗ്രസ് വിറ്റ് കാശാക്കി. ആരുമല്ലാതിരുന്ന നരസിംഹറാവു പ്രധാനമന്ത്രിയാകാനിടവന്നത്. അങ്ങനെയാണ്; അതുപോലെത്തന്നെ ആരുമല്ലാതിരുന്ന മൻമോഹൻസിങ് റാവുവിന്റെ ധനകാര്യമന്ത്രിയുമായി.

പിന്നെ നടന്നതെല്ലാം ജനങ്ങളിന്നും ഒരു കടംകഥപോലെ ഓർക്കുന്നു. കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോവിൽ പറഞ്ഞിരുന്നതെല്ലാം തൂപ്പൽ കുഴിയിലെത്തി. മൻമോഹൻസിങ് മറ്റാരുടേയോ ആജ്ഞയാലെന്നവണ്ണം സാമ്പത്തിക നയപരിഷ്ക്കാരങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരുന്നു. ജനങ്ങൾ വെടിക്കെട്ടുകാണുന്നതുപോലെ, അവിശ്വസനീയമാംവണ്ണം മിഴിച്ചിരുന്നുപോയി. അതിൽ മുൻപന്തിയിൽ പത്രക്കാരായിരുന്നുവെന്ന് സമ്മതിച്ചേതീരൂ. ഇന്ദ്രജാലക്കാരന്റെ പ്രകടനങ്ങളെയെന്നപോലെ എല്ലാവരും എല്ലാം മിഴിച്ചിരുന്നു കണ്ടു.

അങ്ങനെയങ്ങനെ പത്തുകൊല്ലം കഴിഞ്ഞപ്പോഴത്തെ സ്ഥിതിയൊന്നു നോക്കൂ. റഷ്യയിലെന്നോണം ഇന്ത്യയിലും കോടീശ്വരന്മാർ പെരുകി; പട്ടിണിപാവങ്ങൾ അതിലേറെ വേഗതയിൽ പെരുകി. വർഗ്ഗീയതക്ക് മാന്യത കൈവന്നു. ആദിവാസികളുടെ പരിരക്ഷക്ക് പരിപാവനമായൊരു നിയമമുണ്ടാക്കിവച്ചവർതന്നെ ആദിവാസികളെ വേട്ടയാടാൻതുടങ്ങി. അഴിമതി മൂക്കോളമെന്നല്ല, അതിന്നുമീതെയും ഉയർന്നിട്ടും അതിന്നെതിരെ ഒരക്ഷരം മിണ്ടാത്ത ഒരു പ്രധാനമന്ത്രിയുള്ള ലോകത്തിലെ ഏകരാജായമെന്ന ബഹുമതിയും ഇന്ത്യനേടി.

ഇപ്പോൾ ദിവസേന ഒന്ന് എന്നതോതിലാണ് അഴിമതിക്കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അറബിക്കഥകളെപ്പോലും വെല്ലുന്നവയാണ് ഓരോ കഥയും. കളിയിലെവിടെയാണ് അഴിമതിക്ക് സ്ഥാനം? കോമൺവെൽത്ത് ഗെയിംസ് നടത്തിയവരോടു ചോദിച്ചാൽ അതറിയാം. കാർഗിലിലെ ധീരദേശാഭിമാനികളുടെ വിധവമാർക്കിടയിൽ എവിടെയാണ് അഴിമതിക്കു സ്ഥാനം? "ആദർശ നിലയം" പടുത്തുയർത്തിയവരോട് ചോദിച്ചാൽ അതിന്റെ കഥയും അറിയാം. ആശയവിനിമയ രംഗത്ത് അഴിമതിയോ? കമ്യൂണിക്കേഷൻ മന്ത്രിയോട് ചോദിച്ചാൽ അതിന്റെ കഥയും പറഞ്ഞുതരും. ഇപ്പോഴിതാ ബാഹ്യാന്തരീക്ഷത്തിലേക്കും അഴിമതി പടർന്നുപിടിച്ചിരിക്കുന്നു. പട്ടിണിപാവങ്ങളുടെ കാശെടുത്തുണ്ടാക്കുന്ന ഉപഗ്രഹങ്ങൾ പലർക്കും പലവിധ ആവശ്യങ്ങൾക്കായി തീറെഴുതിക്കൊടുക്കുന്നു! നാളെ, പാക്കിസ്താനിൽ സംഭവിച്ചതുപോലെ, അണുബോംബുണ്ടാക്കുന്ന വിദ്യ ഇവർ ആർക്കെങ്കിലും വിറ്റുകാശാക്കിയെന്നുവരാം. എന്നിട്ടുമില്ല, ഇതിനെല്ലാം വഴി തെളിയിച്ച പ്രധാനമന്ത്രി

ക്കൊരു വ്യാകുലത. തന്റെ ഉദാരവൽക്കരണ പ്രക്രിയയാണിതിനെല്ലാം കാരണമെന്ന് അദ്ദേഹം അശേഷം കരുതുന്നില്ല. അദ്ദേഹത്തിന്റെ മുന്നിലും പിന്നിലും നിന്ന് കുഴലൂതുന്നവർക്കുമില്ല വ്യാകുലത. ഉപഗ്രഹമെന്നും, രണ്ടാം തലമുറയെന്നും, കോമൺവെൽത്ത് ഗെയിംസെന്നും മറ്റും പറഞ്ഞാൽ എന്തെന്നു പിടികിട്ടാത്ത പാവം ജനങ്ങൾ അമ്പരന്നു നിൽക്കുന്നു. മൗനം വിദ്വാന് ഭൂഷണമെന്ന് മനസ്സിലാക്കിയിട്ടുള്ള പ്രധാനമന്ത്രി പ്രതിഷേധിക്കുന്ന പാവങ്ങളെയെല്ലാം നക്ഷലായും മാവോയിസ്റ്റായും മുദ്രകുത്തി കാച്ചിപ്പൊരിച്ചു കളയുന്നു. ഇൻഡോനേഷ്യയിലേയും ഈജിപ്തിലേയും ടുണീഷ്യയിലേയുമെല്ലാം ജനങ്ങൾ കാണിക്കുന്ന ദേശസ്നേഹം പോലും ഇന്ത്യക്കാർക്കില്ല! ഇവിടെ ജാതിയും മതവും വർഗീയതയുമെല്ലാം നഗ്നതാണ്ഡവമാടുന്നു. ആയിരമായിരമാണ്ടുകളുടെ നാഗരികതയുടെ ഭാരവും ഭേസി തമ്മിൽതല്ലാനാണിവിടെ താൽപര്യം. ഇന്നാടിനെ മുടിച്ചുകൊണ്ടിരിക്കുന്ന മഹാപാപികളെ ആട്ടിപ്പുറത്താക്കാൻ വിദേശികളുടെ ആഗമനവും കാത്ത് കഴിയുകയാണവർ. യദായദാഹിധർമസ്യ എന്നു പന്ത്രണ്ടു തവണ ഉരുവിട്ടാൽ തങ്ങളുടെ ഭാരം തീർന്നുവെന്ന് അവർ കരുതുന്നു.

സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടാൻ ഡസൻ കണക്കിന്ന് മഹാമതികളുണ്ടായ ഒരു നാട്ടിൽ ജനാധിപത്യത്തിന്നുവേണ്ടി ശബ്ദമുയർത്താൻ ഒരു കുട്ടിപോലുമില്ലെന്നുവന്നിരിക്കുന്നു! അതാണ് ഇന്ത്യയുടെ ദുരന്തം.

ജനാധിപത്യമെന്നത് അഞ്ചുകൊല്ലത്തിലൊരിക്കൽ വോട്ടുചെയ്യൽ മാത്രമല്ല. ഈ നാട് ജനങ്ങളുടേതാണെന്നും ഭൂരിപക്ഷത്തിന്റെ ഹിതം ന്യൂനപക്ഷം അംഗീകരിക്കണമെന്നുമുള്ള ബോധം ജീവിതത്തിന്റ എല്ലാ തുറകളിലും പ്രസരിക്കുമ്പോഴേ ജനാധിപത്യം പുലരൂ. അത് വീട്ടിലും നാട്ടിലും എല്ലാ മണ്ഡലങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. ജാതി ചിന്തയും മതബോധവുമെല്ലാം അതിന്ന് നിഷിദ്ധമാണ്. ഒരാചാര്യൻ, ഒരു പുരോഹിതൻ, ഒരു മൗലവി രാഷ്ട്രീയം സംസാരിക്കുമ്പോൾ അത് ജനാധിപത്യത്തെ നിഷേധിക്കലാണ്. അടുപ്പത്തുനിന്ന് ചൂടുള്ള പാത്രം ഇറക്കിവയ്ക്കാൻ കൈക്കില ഉപയോഗിക്കുന്നതുപോലെയാണിവർ ജാതിയേയും മതത്തേയും കരുവാക്കുന്നത്. ഈ ജാതി–മത ചിന്തകളാണ് ഇന്ത്യയുടെ ഏറ്റവും വലിയ ശാപം. ഇതിന്നറുതി വരുത്താത്തിടത്തോളം കാലം ഇന്ത്യക്ക് മേൽഗതിയുണ്ടാവില്ല; അതുമാത്രമല്ല, അധഃപതനം ഉണ്ടാകുകയും ചെയ്യും.

ഒരാൾ പൊതുരംഗത്ത് കാൽ കുത്തുന്നതിന്നുമുമ്പ് ഇന്ത്യയുടെ ചരിത്രം വായിക്കണം; പഠിക്കണം. സ്കൂളിലെ ചരിത്രത്തെപ്പറ്റിയല്ല ഇവിടെ പറയുന്നത്. സാമാന്യ ചരിത്രത്തെപ്പറ്റിയാണ്. ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിലുള്ള ചിന്ത ഇന്ത്യക്കെന്നും വിനാശകരമായിട്ടുണ്ട്. ജാതി ചിന്തയേയും മതചിന്തയേയും കെട്ടേണ്ടിടത്ത് കെട്ടിയിട്ടതുകൊണ്ടാണ് യൂറോപ്പിന്ന് ഇത്ര വേഗം പുരോഗതി നേടാനായത്.

ലോകത്തിലെ മതങ്ങളെല്ലാം ജനിച്ചതും വളർന്നതും ഏഷ്യയിലാണെന്ന് നാം "അഭിമാനപൂർവ്വം" പറയാറുണ്ട്. പക്ഷെ ഏഷ്യയുടെ അധോഗതിക്ക്, കോളനിവൽക്കരണത്തിന്ന്, കാരണവും അതായിരുന്നു ➡



വെന്ന് നാം മറക്കുന്നു.

ഇന്നലെ ചെയ്തോരബദ്ധം
ഇന്നത്തെയാചാരമാകാം
നാളത്തെ ശാസ്ത്രമതാകാം
അതിൽ മൂളായ്ക സമ്മതം രാജൻ.

എന്ന കുമാരനാശാന്റെ ഉപദേശം ദിവസവും നൂറ്റെട്ടു തവണ ആവർത്തിച്ചാലും അധികമാകില്ല. ഈ ആചാര്യന്മാരും പുരോഹിതന്മാരും മറ്റുമാണ് ഇന്ത്യക്കാരെ തമ്മിൽ തല്ലിക്കുന്നത്. തനിയെ ഇടിഞ്ഞുപൊളിഞ്ഞു വീഴുമായിരുന്ന ഒരു പഴഞ്ചൻ സൗധത്തെ തല്ലിത്തകർത്ത് കൂക്കിവിളിച്ചപ്പോൾ, തങ്ങൾ ഒരു ജനവിഭാഗത്തിന്റെ തോരാത്ത കണ്ണീരിന്നിടയാക്കുകയാണെന്ന് ഇവരാരെങ്കിലും കരുതിയിരുന്നുവോ? കായികമായി വേദനിപ്പിച്ചാൽ അതിന്നു പരിഹാരമുണ്ട്; മാനസികമായി വേദനിപ്പിച്ചാൽ അതിന്നൊരിക്കലും പരിഹാരമുണ്ടാക്കാനാവില്ല എന്ന അടിസ്ഥാന തത്വംപോലും "അഹം ബ്രഹ്മാസ്മി" എന്ന് ഉരുവിടുന്നവർ ഓർത്തില്ല. ഇതിനൊക്കെ പറയുന്ന പേരാണ് അന്തമില്ലായമ എന്നത്. ചിന്ത ഒരു ഗ്രന്ഥത്തിന്റെ താളുകൾക്കിടയിൽ തടവുകാരനാക്കപ്പെടുമ്പോൾ സംഭവിക്കുന്നത് ഇതൊക്കെയാണ്. ❑

# നേതാക്കന്മാർ ഇരുമ്പഴികൾക്ക് പിന്നിൽ തോളോടുതോൾ ചേർന്ന് അണിനിരന്നപ്പോൾ

**- വിനയകുമാർ -**

ലോകത്തിലെ ഏറ്റവും വലിയ ജയിലാണ് ദൽഹിയിലെ തീഹാർ ജയിൽ. 6250 തടവുകാരെ പാർപ്പിക്കാവുന്ന ഈ ജയിലിൽ ഇപ്പോൾതന്നെ 12,000 തടവുകാരുണ്ട്. ഒമ്പത് ജയിലുകളുടെ ഒരു സമുച്ചയമാണിത്.

ഇങ്ങനെ തിങ്ങിനിറഞ്ഞ തീഹാർ ജയിലിലേക്ക് ഏപ്രിൽ അവസാനവാരത്തിൽ പ്രമാണിമാരുടെ വലിയൊരു കൂട്ടംകൂടി എത്തിച്ചേർന്നു. അതിൽ പ്രസിദ്ധരേറെയുണ്ടായിരുന്നു; പ്രബലർ അതിലേറെയുണ്ടായിരുന്നു; പരാക്രമികൾക്കും കുറവില്ലായിരുന്നു.

രാഷ്ട്രീയ നേതാക്കന്മാർ, ഉദ്യോഗസ്ഥ പ്രമുഖന്മാർ, വൻകിട വ്യവസായികൾ എന്നിവരെല്ലാം തീഹാർ ജയിലിൽ തോളോടുതോൾ ചേർന്നു വിഹരിക്കുന്നതു കാണാൻ കഴിഞ്ഞു. കോമൺവെൽത്ത് കുംഭകോണം, 2ജി കുംഭകോണം എന്നീ രണ്ടു കേസുകൾ, സുപ്രീം കോടതിയുടെ ശാസനമൂലം അല്പം ഗൗരവത്തിൽ കൈകാര്യം ചെയ്യാൻ സി.ബി.ഐ. നിർബദ്ധമായതിന്റെ ഫലമായാണ് ഇത്രയേറെ പ്രമാണിമാർ ജയിലിലെത്തിയത്.

മുൻ മന്ത്രി എ. രാജ മുതലിങ്ങോട്ട് അനേകം പേർ സ്പെക്ട്രം കേസിൽ പ്രതികളായി ജയിലിൽ കിടപ്പുണ്ട്. മന്ത്രിയായിരുന്നപ്പോൾ രാജയുടെ ഉറ്റ സഹായിയായിരുന്ന ആർ. കെ. ചന്ദോലിയയും, അന്നത്തെ ടെലികമ്യൂണിക്കേഷൻ സെക്രട്ടറിയായിരുന്ന സിദ്ധാർത്ഥ ബെഹൂരയും ജയി

ലിൽ രാജാക്കു കൂട്ടുകാരായിട്ടുണ്ട്. സ്പെക്ട്രം കേസിൽപെട്ട ഡി.ബി. റിയാൽട്ടിയുടെ തലവൻ ഷഹീദ് ബാൽവയും അദ്ദേഹത്തിന്റെ പങ്കാളിയായ വിനോദ് ഗോവസ്കയും യൂനിടെക് കമ്പനിയുടെ തലവനായ സഞ്ജയ ചന്ദ്രയും റിലയൻസ് ഗ്രൂപ്പിന്റെ പ്രധാനികളായ ജി. ദോഷി, ഹരി നായർ, സുരേന്ദ്ര പിനാഡ എന്നിവരും രാജയുടേയും സുഹൃത്തുക്കളുടേയും കൂടെയുണ്ട്.

കോമൺവെൽത്ത് ഗെയിംസിന്റെ സംഘാടക സമിതിയുടെ പ്രമുഖരായിരുന്ന ലളിത് ഭാനോട്ട്, വി.കെ. വർമ്മ എന്നിവർ മുമ്പുതന്നെ തീഹാർ ജയിലിൽ എത്തിക്കഴിഞ്ഞിരുന്നു. സംഘാടക സമിതി ചെയർമാനായിരുന്ന സുരേഷ് കൽമാഡിയുടെ വലംകയ്യും ഇടംകയ്യുമായി പ്രവർത്തിച്ചിരുന്നവരാണിവർ. കൽമാഡിയേയും അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹം ഇപ്പോഴും പോലീസ് കസ്റ്റഡിയിലാണ്. പോലീസ് അന്വേഷണം തീർന്നാൽ കൽമാഡിയ്ക്കും തന്റെ മുൻ സുഹൃത്തുക്കളോടൊപ്പം തീഹാറിൽ കുടികിടപ്പാരംഭിക്കേണ്ടിവരും.

ഇന്ത്യൻ വ്യവസായ മണ്ഡലത്തിലെ ഇത്രയേറെ വമ്പന്മാരെ ഒന്നിച്ച് ജയിലിലടക്കേണ്ടിവന്നത് ഒരു പക്ഷെ ഇതാദ്യമായിട്ടായിരിക്കും. രാഷ്ട്രീയ നേതാക്കന്മാരും ഉദ്യോഗസ്ഥ പ്രമുഖരും വ്യവസായികളും തമ്മിലുള്ള കൂട്ടുകെട്ട് എങ്ങനെ കുംഭകോണങ്ങൾക്കിടയാക്കുന്നുവെന്നും ഇത് തെളിയിക്കും. സി.ബി.ഐ. പോലുള്ള ഒരു ഏജൻസിയെങ്കിലും രണ്ടും കല്പിച്ചിറങ്ങിയാൽ ഈ കൂട്ടുകെട്ട് പൊട്ടിക്കാമെന്നും ഇത് വ്യക്തമാക്കുന്നു.

നാഷനൽ അലുമിനിയം കമ്പനിയുടെ മേധാവി എ.കെ. ശ്രീവാസ്തവയെ ഒരു മാസം മുമ്പ് കൈക്കോഴ കൊടുക്കുന്ന അവസരത്തിൽ സി.ബി.ഐ. യുടെ വലയിൽ കുടുങ്ങി. ശ്രീവാസ്തവക്കു പുറമെ അദ്ദേഹത്തിന്റെ ഭാര്യയും മറ്റുരണ്ടുപേരും അന്നു അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. നാലുപേരും ഇപ്പോഴും ജയിലിൽ കിടപ്പാണ്.

ഫെബ്രുവരി 2ന്ന് അറസ്റ്റ് ചെയ്യപ്പെട്ട മുൻമന്ത്രി എ. രാജയാണ് തടവുകാരിൽവച്ച് ഏറ്റവും "നല്ലകുട്ടി". ഒരു കാര്യത്തിലും അദ്ദേഹത്തിന്ന് ഒരു നിർബ്ബന്ധവുമില്ല. ജയിലിൽ വി.ഐ.പി. കളില്ല. എല്ലാ തടവുകാർക്കും ഒരേ സൗകര്യങ്ങൾ തന്നെയാണ് നൽകുന്നത്. കോടതി കല്പിച്ചാലേ അതിൽ മാറ്റം വരുത്തൂ.

കുംഭകോണങ്ങളിൽ പ്രതികളല്ലാത്ത വമ്പൻ തടവുകാർ വേറേയുണ്ട്. ഇവരിലധികവും ക്രിമിനലുകളാണ്. ജസ്സിക്ക വധക്കേസിൽ ജീവപര്യന്തം തടവുശിക്ഷക്ക് വിധിക്കപ്പെട്ട് തീഹാറിൽ കിടക്കുന്ന മനു ശർമ്മയാണ് അവരിലൊരാൾ. ഒരു മുൻ ഐ. പി. എസ്. ഓഫീസറുടെ മകനും ക്രിമിനൽ വക്കീലുമായ സന്തോഷ് സിങ്, പ്രിയദർശിനി വധക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിച്ചുവരുന്നു. ഇങ്ങനെ ഉന്നത തലങ്ങളിൽ പിടിപാടുള്ള ഒട്ടേറെ വമ്പന്മാർ വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്. എന്നാൽ അഴിമതിക്കേസിൽ പെട്ട് രാഷ്ട്രീയ നേതാക്കന്മാരും ഉദ്യോഗസ്ഥ പ്രമുഖരും വ്യവസായികളുമെല്ലാം കൂട്ടത്തോടെ ജയിലിലെത്തുന്നത് അത്യസാധാരണമാണ്.

പഠിക്കാൻ താല്പര്യമുള്ളവർക്ക് പഠിക്കാൻ പറ്റിയ ഒരു അസുലഭ സന്ദർഭംകൂടിയാണിത്. ❏





# ഹസാരെ പ്രസ്ഥാനവും ദൽഹിയിലെ നാടകങ്ങളും

- ആർ.കെ. രാഘവൻ -

ഇന്ത്യയുടെ ദേശീയ തലസ്ഥാനം അമിതമാംവണ്ണം ലാളിച്ചുവളർത്തപ്പെട്ട ഒരു നഗരമാണ്. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാനായി കോടിക്കണക്കിന്നു രൂപ അവിടെ വാരി വിതറിയിട്ടുണ്ട്. ഇതിന്നു നല്ല ഫല മുണ്ടായെന്നതിലും സംശയമില്ല. ഒരു ശരാശരി പൗരന്റെ സുഖസൗകര്യങ്ങളെക്കുറിച്ചാണെങ്കിൽ സർവ്വ പ്രധാനമായത് മെട്രോ തന്നെ. നമ്മുടെ ശ്രീധരന്റെ സംഭാവനയാണത്. കൂട്ടത്തിൽ പറയട്ടെ ഈ ശ്രീധരൻ തന്നെ വല്ലാത്തൊരു പ്രതിഭാസമാണ്. തിളങ്ങുന്ന പുതിയ വിമാനത്താവളത്തിന്റെ മൂന്നാം ടെർമിനലും അഭിമാനത്തിന്നു വകതരുന്നു. കുറച്ചു കാലം മുമ്പ് കോടതി ഇടപെട്ട് പബ്ലിക് ട്രാൻസ്പോർട്ടു ബസ്സുകൾക്കെല്ലാം ഗ്യാസ് നിർബ്ബന്ധമാക്കിയതിനാൽ ദൽഹിയിലെ വായുപോലും മെച്ചപ്പെട്ടിട്ടുണ്ട്. നഗര സൗന്ദര്യവൽക്കരണത്തിന്നായി നിരന്തരം സമരം നടന്നുവരുന്നതിനാൽ ദൽഹി യഥാർത്ഥമായും ആകർഷകമാണ്. മൊത്തത്തിൽ പറഞ്ഞാൽ മറ്റ് പല നഗരങ്ങളേയും അപേക്ഷിച്ച് ദൽഹി ജീവിക്കാനും പണിയെടുക്കാനും നല്ലൊരു നഗരമാണ്.

അങ്ങനെയിരിക്കെ ഒരു പിടി രാഷ്ട്രീയക്കാരുടെ കുതന്ത്രങ്ങൾ മൂലം ദൽഹിയാകെ മലീമസമായിരിക്കുന്നുവെന്നത് ഒരു വിരോധാഭാസമോ ദുരന്തമോ ആയിരിക്കുന്നു. നാഗരിക ജീവിതത്തിൽ ജനങ്ങൾക്കുള്ള വിശ്വാസമാകെ നശിപ്പിച്ചേ അടങ്ങു എന്ന മട്ടിലാണിവർ പെരുമാറുന്നത്. ചെറിയൊരു സംഘമാണെങ്കിലും ഈ രാഷ്ട്രീയക്കാർ സ്വാധീന ശക്തിയുള്ളവരാണ്. മാത്രമല്ല ഇവരുടെ ഭൂതകാലം ഇരുണ്ടതുമാണ്. ഇവരാകെ പരിഭ്രമിച്ചിരിക്കുന്നു. കഴിഞ്ഞ ചില ആഴ്ചകൾക്കിടയിൽ സാമൂഹ്യ പ്രവർത്തകനായ അന്നാ ഹസാരെക്ക് വലിയ ജനപിന്തുണ ലഭിച്ചിരിക്കുന്നുവെന്നതാണ് ഇവരെ സംഭ്രാന്തരാക്കിയിരിക്കുന്നത്. പൊതു ജീവിതത്തിൽ അല്പം സദാചാരനിഷ്ഠയുണ്ടാക്കാനുള്ള ഹസാരെയുടെ പ്രസ്ഥാനത്തെ അട്ടിമറിച്ചേ തീരൂ എന്നിവർ കരുതുന്നു.

കഴിഞ്ഞ ചില ദിവസങ്ങൾക്കിടയിലുണ്ടായ സംഭവങ്ങൾ മനംമടുപ്പിക്കുന്നവയാണ്. ദുരൂഹ സാഹചര്യത്തിൽ എവിടെനിന്നോ ഒരു CD പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഹസാരെയോടൊപ്പം പ്രവർത്തിക്കുന്നവരിൽ ചിലരെപ്പറ്റി അപകീർത്തികരമായ പലതും ഈ CD യിൽ ഉണ്ട്. ഈ CD കൃത്രിമ നിർമ്മിതമാണോ അല്ലയോ എന്നതിനെക്കുറിച്ച് തർക്കമു



ലോകബാൽ ബിൽ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട പൊതുപ്രവർത്തകർ: (വലത്തുനിന്ന്) അന്ന ഹസാരെ, അരവിന്ദ് കേസരിവാൾ, ശാന്തി ഭൂഷൻ, പ്രശാന്ത് ഭൂഷൻ, സന്തോഷ് ഹെഗ്ഡെ)

ണ്ട്. ഞാൻ ഇതിനെപ്പറ്റി ഒരഭിപ്രായം പറയാൻ ഉദ്ദേശിക്കുന്നില്ല. പ്രസിദ്ധരും വിശ്വസ്ഥരുമായ വിദഗ്ധന്മാരുടെ അഭിപ്രായം വരട്ടെ. പൊതു ജീവിതത്തിൽ അല്പം സദാചാരനിഷ്ഠയുണ്ടാക്കാൻ ശ്രമിക്കുന്ന എല്ലാവരം ദുർബ്ബുദ്ധികളുടെ കുരുക്കിൽ പെട്ടുപോകുമെന്ന നിർഭാഗ്യകരമായൊരു ചിന്ത ഇതുളവാക്കിയിരിക്കുന്നുവെന്നതാണ് കഷ്ടം.

ഇതു ഉയർത്തുന്ന മർമ്മ പ്രധാനമായ പ്രശ്നം ഇതാണ്: നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം വീണ്ടും ചീറ്റിപ്പോയോ? പൊതു താല്പര്യത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന സ്ത്രീ-പുരുഷന്മാരെ പേടിപ്പിച്ചോടിക്കാൻ ശ്രമിക്കുന്ന തത്വദീക്ഷയില്ലാത്ത വഞ്ചക സമൂഹത്തിന്റെ മുന്നിൽ നാം മൗനം പാലിക്കണോ? ഭരണകൂടത്തിന്നകത്തും പുറത്തുമുള്ള പലരും അന്നഹസാരെ ഒരു മിശിഹയായി വളരുന്നതിൽ പരിഭ്രാന്തരാണ്. ഈ അടുത്ത കാലത്ത് ഹസാരെയുടെ തണലിലേക്ക് ഒട്ടേറെ പേർ ഓടിക്കയറിയിരുന്നു. അവരുടെയെല്ലാം മനസ്സിൽ ഭീതി വളർത്താനാണിവർ ശ്രമിക്കുന്നത്.

ഒരു ജഡ്ജിയെ പാട്ടിലാക്കാൻ ശ്രമിച്ചുവെന്ന ആരോപണത്തിന്ന് വിധേയരായിരിക്കുന്ന വ്യക്തികളുടെ സുഹൃത്തൊന്നുമല്ല ഞാൻ. എനിക്കവരെ കഷ്ടിച്ചറിയാമെന്നേയുള്ളൂ. എന്നാൽ ഇവരെപ്പറ്റി ആരോപണങ്ങൾ പറഞ്ഞുപരത്തുന്നത് ഇവർക്ക് അന്നാ ഹസാരെയുമായി അടുപ്പമുണ്ട് എന്നതാണെന്ന വസ്തുത എന്നെ അമ്പരപ്പിക്കുന്നു. ഇതുപോലെത്തന്നെ മറ്റൊരു ശ്രുതിയും പരന്നിട്ടുണ്ട്. സുപ്രധാനമായ ഒരു കേസിന്റെ വിചാരണ നടത്തിവരുന്ന ഒരു ജഡ്ജിയെ, അതിൽനിന്നും പിൻതിരിപ്പിക്കാനുള്ള ഗൂഢാലോചനയാണിത് എന്നതാണ്. ഈ ശ്രുതികൾക്ക് അടിസ്ഥാനമുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. ഇന്ത്യയിലെ പൊതുജീവിതം എത്രമാത്രം കെട്ടുനാറിയിരിക്കുന്നുവെന്നാണ് ഇതൊക്കെ കാണിക്കുന്നത്.

അല്പം നാണം പോലുമില്ലാതെ നിയമലംഘനം നടത്തുന്ന വീരന്മാർ പടച്ചുണ്ടാക്കുന്ന കള്ളക്കഥകളിൽനിന്ന് ഇന്ത്യയിൽ ഏതെങ്കിലും സ്ഥാപനത്തിന്നോ ഉദ്യോഗസ്ഥർക്കോ രക്ഷയില്ലെന്നുവന്നിരിക്കുന്നു. ഇത്തരമൊരന്തരീക്ഷത്തിൽ നല്ല മനുഷ്യരാരും പൊതു ജീവിതത്തിൽ പ്രവേശിക്കാത്ത സ്ഥിതി വരുന്നു. നല്ല മനക്കരുത്തും നിശ്ചയ ദാർഢ്യവുമുള്ളവർ പൊതു രംഗത്ത് ഇറങ്ങി പ്രവർത്തിച്ചാൽ മാത്രമേ ഈ പ്രവണതക്ക് അറുതിവരൂ. ഒരാളുടേത് സംശുദ്ധ ജീവിതമായതുകൊണ്ടുമാത്രം കാര്യമില്ല. ദുരുദ്ദേശപൂർവ്വം ആക്രമിക്കുന്നവരെ തിരിച്ചടിക്കാനുള്ള തന്റേടവും കൂടിയേ തീരൂ. ദുരുദ്ദേശപൂർവ്വം പ്രവർത്തിക്കുന്നവരെ മണ്ണുകപ്പിക്കാൻ മറ്റുമാർഗ്ഗമൊന്നുമില്ല. അധികാര കേന്ദ്രങ്ങളുമായി അടുത്തു ബന്ധപ്പെട്ടവരിൽനിന്ന് ലഭിക്കുന്ന സഹായമാണ് ഇക്കൂട്ടരുടെ പ്രാണവായു.

ചില നിക്ഷിപ്ത താല്പര്യക്കാർ ആശയക്കുഴപ്പമുണ്ടാക്കുന്നതിന്ന് ചില ദുർയുക്തികൾ ഉന്നയിക്കുന്നുണ്ട്. അവരുടെ ചോദ്യം ലളിതമാണ്. അതിതാണ്: ലോകപാൽ ബിൽ പാർലിമെന്റിൽ ചർച്ച ചെയത് പാസാക്കേണ്ടതാണ്. ഒരു അന്നാ ഹസാരേക്കും അനുയായികൾക്കും കൂട്ടംകൂടിയിരുന്നു തീരുമാനിക്കാവുന്ന ഒന്നല്ല അത്. അത് ജനാധിപത്യ വിരുദ്ധമാണ്. സത്യത്തിൽനിന്ന് എത്രയോ കാതം അകന്നു നിൽക്കുന്ന ഒരു വാദമാണിത്.

ഉന്നത സ്ഥാനങ്ങളിലുള്ളവർക്ക് ആർജ്ജവ ബുദ്ധിയുണ്ടാകുമെന്ന് ഉറപ്പു വരുത്തുന്നതിന്ന് പുതുതായി നടക്കുന്ന ഒരു ശ്രമമാണിതെന്നാണ് ഇതു കേട്ടാൽ തോന്നുക. അസംബന്ധമെന്നേ ഇതിനെപ്പറ്റി പറയാനാവൂ. നാല്പതു കൊല്ലം മുമ്പ് രൂപം നൽകിയതും തിരിച്ചും മറിച്ചും അനേകം തവണ ചർച്ചചെയ്തിട്ടുള്ളതുമായ ഒരു ബില്ലാണിത്. ഹസാരെ അക്ഷമ കാണിക്കുന്നുണ്ടെങ്കിൽ, അദ്ദേഹം ശുണ്ഠിയെടുക്കുന്നുണ്ടെങ്കിൽ, അത് തന്റെ ജീവിതാഭിലാഷമായ ലോകപാൽ ബിൽ പാസാക്കാൻ വേണ്ടതിലേറെ കാത്തിരുന്നുവെന്ന വിശ്വാസം അദ്ദേഹത്തിന്നുള്ളതിനാലാണ്. താൻ പ്രമാണിത്തം കാണിക്കാനായി സ്ഥാർത്ഥിയായ ഒരു വയസ്സൻ നടത്തുന്ന ജല്പനങ്ങളല്ല അത്.

അരിശം മൂത്ത ദുരുപദിഷ്ടരായ ഈ രാഷ്ട്രീയക്കാരെ അവഗണിക്കുന്നത് ആപൽക്കരമാകും. അസത്യം അനേകം തവണ ആവർത്തിച്ചാൽ, അതിന്ന് സത്യത്തിന്റേതായ ഒരു പരിവേഷം ലഭിക്കുമെന്ന് നമുക്കറിയാം. ആധുനിക ഭാരതത്തിൽ സത്യസന്ധവും ജനോപകാരപ്രദവുമായ സേവനത്തിന്റെ ദശകങ്ങൾ നിങ്ങൾക്ക് പിൻബലമായിട്ടുണ്ടെങ്കിലും അതുകൊണ്ടുമാത്രം നിങ്ങൾ രക്ഷപ്പെടില്ല. ഇതൊക്കെ പണ്ടത്തെ കഥയാണ്. ഇന്നത്തെ ഇന്ത്യ ആകെ വഷളായിരിക്കുന്നു. നിങ്ങളുടെ സത്യസന്ധതയെ ആരെങ്കിലും വെല്ലുവിളിച്ചാൽ, അധികാരത്തിലിരിക്കുന്നവരുടെ മുന്നിൽ തല കുനിക്കാൻ നിങ്ങൾ വിസമ്മതിച്ചാൽ, തനിക്കൊന്നും മറച്ചുവയ്ക്കാനില്ലെന്ന് നിങ്ങൾ തെളിയിക്കേണ്ടിവരും. പൊതു ജീവിതത്തിലിറങ്ങി പ്രവർത്തിക്കുന്ന നല്ല ആളുകളെ സംബന്ധിച്ചിടത്തോളം, ഇന്ത്യാ ചരിത്രത്തിൽ ഇതിലേറെ കെട്ടുനാറിയ ഒരു കാലഘട്ടമുണ്ടയിട്ടില്ല. അതുകൊണ്ടാണ് ഹസാരെ പ്രസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് എനിക്ക് ആശങ്കയുണ്ടാകുന്നത്. നല്ല മനുഷ്യർ കൂട്ടമായി മുന്നോട്ടുവന്ന് ഹസരേക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാതിരുന്നാൽ, ഹസാരെ ചരിത്രത്തിലെ ഒരടിക്കുറിപ്പ് മാത്രമായി അവശേഷിക്കും.

ലോകപാൽ ബിൽ പാസാക്കുന്ന കാര്യത്തിൽതാൻ പാർലിമെന്റിന്റെ അഭിലാഷത്തെ മാനിക്കുമെന്ന് ഹസാരെ പ്രഖ്യാപിച്ചിട്ടുണ്ട്. ഹസാരെ ബുദ്ധിശാലിയാണ്. അദ്ദേഹം പറഞ്ഞത് ശരിയുമാണ്. എല്ലാ എം.പി. മാരുടേയും പിന്തുണ ലഭിക്കാൻ ഇത് സഹായിക്കും എന്നാൽ ഇവിടെ ഒരു വൈരുധ്യമില്ലേ? നിർഭയനും സർവ്വശക്തനുമായ ഒരു ലോകപാലിനെ നിയമിക്കുന്ന കാര്യത്തിൽ ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ ഒരാൾക്കും ഒരു താല്പര്യവുമില്ലെന്ന് ഹസാരെക്കറിയാം. നിയമനിർമ്മാണം നടത്തുന്ന സമയത്ത് രാഷ്ട്രീയ സമവായം ഉണ്ടാകില്ലെന്നതാണ് ഇന്ത്യയുടെ ശാപം. കരുത്തുള്ള ഒരു ലോകപാലിനെ നിയമിക്കാൻ പാർലിമെന്റ് തയ്യാറാകുമെന്നു കരുതുന്നത് വെറും ദിവാസ്വപ്നമാണ്. പാർലിമെന്റിന്റെ ഇംഗിതത്തെ താൻ മാനിക്കുമെന്ന ഹസാരെയുടെ പ്രസ്താവന യാഥാർത്ഥ്യബോധമില്ലാത്തതാണ്.

പക്ഷെ ഇതല്ലാതെ എന്താണ് പോംവഴി? പാർലിമെന്റിനെക്കൊണ്ട് ബിൽ പാസാക്കിക്കണം. എന്നാൽ പാർലിമെന്റിൽ ഹസാരെയുടെ ലൈനിനെ പിന്താങ്ങാൻ ആരുമില്ല! ഹസാരെ എന്തുവേണമെങ്കിലും ചെയ്യട്ടെ. അതേസമയം ശരിയായൊരു ലോകപാലിന്നു വേണ്ടിയുള്ള സാധാരണക്കാരുടെ പ്രസ്ഥാനം തുടരുകയും വേണം. ജനങ്ങളുടെ ശ്രദ്ധ പതറാതെ പിടിച്ചുനിർത്തുന്നതിൽ മാധ്യമങ്ങൾക്കും വലിയൊരു പങ്കുണ്ട്.

(ഡോ. കെ.ആർ. രാഘവൻ സി.ബി.ഐ. യുടെ മുൻ ഡയറക്ടറാണ്)

❑

# കോൺഗ്രസ്സും ബി.ജെ.പി.യും ഒരു സ്വകാര്യ കമ്പനിയും

- മാഹിം പ്രതാപ്സിങ് -

മധ്യപ്രദേശിലെ ഭരണകക്ഷിയായ ബി.ജെ.പി.യെ കടന്നാക്രമിക്കാൻ കിട്ടുന്ന ഒരവസരവും മുൻമുഖ്യമന്ത്രിയും എ.ഐ.സി.സി.ജനറൽ സെക്രട്ടറിയുമായ ദിഗ്വിജയസിങ് പാഴാക്കാറില്ലെങ്കിലും വിവാദ വിഷയമായി കിടക്കുന്ന മഹേശ്വർ അണക്കെട്ടിന്റെ കാര്യം വരുമ്പോൾ ദിഗ്വിജനും ബി.ജെ.പി.യും ഒരേ വഞ്ചിയിലാണെന്നു കാണാം.

വിവരാവകാശ നിയമമനുസരിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് ഇത് വ്യക്തമാക്കുന്നത്. സ്വകാര്യ മേഖലയിൽ നിർമ്മിക്കപ്പെടുന്ന ഇന്ത്യയിലെ ഒന്നാമത്തെ ജലവൈദ്യുത പദ്ധതിയാണ് മഹേശ്വർ. പണ്ടെന്നോ പണി തീരേണ്ട പദ്ധതി പലപല തടസ്സങ്ങൾ മൂലം എങ്ങുമെത്താതെ മുടങ്ങിക്കിടക്കുകയാണിപ്പോൾ. എസ്. കുമാർസ് എന്ന മുതലാളിയാണ് ഇതിനെല്ലാം അടിയിൽ. ഇവർ സംഘടിപ്പിച്ചിരിക്കുന്ന ശ്രീമഹേശ്വര ജലവൈദ്യുത കോർപ്പറേഷൻ എന്ന സ്ഥാപനമാണ് പണി നടത്തുന്നത്.

അനേകം ഉപാധികളോടെയാണ് കേന്ദ്ര പരിസ്ഥിതി കാര്യാലയം ഈ പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതുമൂലം അനാഥരാകുന്നവരെ പുനരധിവസിപ്പിക്കണമെന്നാണ് വ്യവസ്ഥകളിലൊന്ന്. ഈ പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിൽ പാടെ പരാജയപ്പെട്ടിരിക്കുന്നുവെന്ന് ആക്ഷേപിച്ചുകൊണ്ട് കഴിഞ്ഞ ഏപ്രിലിൽ കേന്ദ്ര പരിസ്ഥിതി മന്ത്രി കാര്യാലയം അണക്കെട്ടിന്റെ നിർമ്മാണം പൂർണ്ണമായും തടഞ്ഞു.

ഇതിനെത്തുടർന്ന് ദിഗ്വിജയസിങ് പ്രധാനമന്ത്രിക്ക് ഒരു കത്തയച്ചു(3.5.2010) ഇക്കാര്യത്തിൽ പ്രധാനമന്ത്രി ഇടപെടണമെന്നും പരിസ്ഥിതി മന്ത്രി കാര്യാലയത്തെ ചെവിക്ക് പിടിച്ച് നിലക്കുനിർത്തണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഡിമാൻഡ്. അണക്കെട്ടിന്റെ പണി തീർത്താൽ അതിന്റെ ക്രഡിറ്റ് മൻമോഹൻസിങ്ങിന്റെ ഗവർമ്മേണ്ടിന്നായിരിക്കുമെന്ന് ഓർമ്മിപ്പിക്കാനും അദ്ദേഹം മറന്നില്ല.

ഈ കത്തുകിട്ടി ഒരാഴ്ചക്കകം പ്രധാനമന്ത്രിയുടെ ഓഫീസിന്ന് അനക്കംവച്ചു. അണക്കെട്ടിന്റെ പണി പുന:രാരംഭിക്കാൻ പ്രധാനമന്ത്രി താൽക്കാലികമായി അനുമതി നൽകി.

മഹേശ്വർ ജലവൈദ്യുത പദ്ധതി അപ്രായോഗികമാണെന്ന് നർമ്മദ ബച്ചാവോ ആന്ദോളനിലെ മിസിസ് ചിത്തരൂപപാലിക് പറയുന്നു. എസ്. കുമാറിന്റെ സ്വകാര്യ കമ്പനി, പവർ ഫൈനാൻസ് കോർപറേഷൻ, മധ്യപ്രദേശ് എല. ബോർഡ്, മധ്യപ്രദേശ് ഗവർമ്മേണ്ട് എന്നിവ തമ്മിലുണ്ടാക്കിയിരിക്കുന്ന കരാർ പ്രകാരം കമ്പനി വാങ്ങിയിട്ടുള്ള വായ്പകളുടെ പലിശ കൂട്ടേണ്ടിവരും. അപ്പോൾ നിശ്ചിത നിരക്കിനൊന്നും വൈദ്യുതി നൽകാനാവില്ല.

ദിഗ്വിജയസിങ് 2010 ഡിസംബർ 13ന്ന് പ്രധാനമന്ത്രിക്ക് മറ്റൊരു കത്തയച്ചിട്ടുണ്ട്. പദ്ധതിമൂലം ഒഴിഞ്ഞുപോകേണ്ടിവരുന്നവരെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ "ഗണ്യമായ" പുരോഗതിയുണ്ടായിട്ടുണ്ടെന്ന് അതിൽ പറയുന്നു. ➡ അതുകൊണ്ട് പദ്ധതിയുടെ പണി പുനരാരംഭിക്കാൻ അനുവദിക്കണമെന്നാണ് അതിൽ അഭ്യർത്ഥിക്കുന്നത്. ഇതു ശുദ്ധ നുണയാണെന്ന് മിസിസ് പാലിത് പറയുന്നു. പദ്ധതി പ്രദേശത്ത് നിന്ന് പുറത്താക്കപ്പെട്ടവരിൽ 90 ശതമാനത്തിന്നും പുനരധിവാസ സൗകര്യം നൽകിയിട്ടില്ല. ഒരാൾക്കുപോലും ഭൂമി നൽകിയിട്ടുമില്ല.

ദിഗ്വിജയസിങ് എസ്. കുമാർസിന്റെ ആളായി പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് മിസിസ് പാലിത് ചോദിക്കുന്നു. പരിസ്ഥിതി സംരക്ഷണനിയമത്തെ ലംഘിക്കാൻ പ്രധാനമന്ത്രിയെ പ്രേരിപ്പിക്കുന്നതിന്റെ കാരണവും അവർ ചോദിച്ചിട്ടുണ്ട്.

മിസിസ് പാലിത്തിന്റെ ആരോപണങ്ങളെക്കുറിച്ചു ചോദിച്ചപ്പോൾ മറുപടി പറയാൻ ദിഗ്വിജയ് വിസമ്മതിച്ചു. അവർ ആരോപണങ്ങൾ ഉന്നയിക്കട്ടെ. എന്തുവേണമെങ്കിലും പുറത്തുകൊണ്ടുവന്നോട്ടെ. എനിക്കിതിലൊന്നും വേവലാതിയില്ല. പുനരധിവാസ പ്രവർത്തനം വേഗം പൂർത്തിയാക്കി അണക്കെട്ടിന്റെ നിർമ്മാണം വേഗം നടത്തണമെന്നേ എനിക്കുള്ളൂ എന്നാണ് ദിഗ്വിജയ് പറഞ്ഞത്. ❑

# പോസ്കോ ഉരുക്കുനിർമ്മാണശാലക്ക് മറ്റൊരു ഗ്രഹപ്പിഴ

ദക്ഷിണ കൊറിയൻ കമ്പനിയായ പോസ്കോ ഒറീസയിൽ സ്ഥാപിക്കാൻ പ്ലാനിട്ടിരുന്ന ഒരുക്കു നിർമ്മാണശാലക്ക് മറ്റൊരു പ്രതിബന്ധത്തെ നേരിടേണ്ടി വന്നിരിക്കുന്നു. ഒറീസാഗവർമ്മേണ്ട് വേണ്ടത്ര വനഭൂമി നൽകാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ പാർലിമെന്റ് ഈയിടെ പാസാക്കിയ വനാവകാശ നിയമപ്രകാരം വനത്തിന്നുള്ള അവകാശം നിശ്ചയിക്കേണ്ടത് "പള്ളിസഭ" (പഞ്ചായത്ത്) ആണ്. പോസ്കോവിന്ന് നൽകാനുദ്ദേശിക്കുന്ന വനഭൂമികൾ ധിൻകിയ, ഗോവിന്ദപുരം എന്നീ പഞ്ചായത്തുകളിലും സമീപ ഗ്രാമങ്ങളിലുമായി പരന്നുകിടക്കുന്നു.

ഈ വനഭൂമികൾക്ക് നൂറുകണക്കിന്നാളുകൾ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. അതിൽ ഒരു തീരുമാനം ചെയ്തു കഴിഞ്ഞാലേ പോസ്കോവിന്ന് ഭൂമി കിട്ടുമോ ഇല്ലയോ എന്നു പറയാൻ പറ്റൂ.

കേന്ദ്ര പരിസ്ഥിതി മന്ത്രി കാര്യാലയം ഈ ഉരുക്കു നിർമ്മാണശാലക്ക് സോപാധികം അമുമതി നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള ബാധ്യതകൾ തീർത്തു എന്നു സംസ്ഥാന ഗവർമ്മേണ്ട് ബോധ്യപ്പെടുത്തിയാലേ പദ്ധതിയുടെ പണിയാരംഭിക്കാൻ പറ്റൂ.

വനാവകാശ നിയമപ്രകാരമുള്ള ബാധ്യതയെല്ലാം തീർത്തു എന്നൊരു റിപ്പോർട്ട് സംസ്ഥാന ഗവർമ്മേണ്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സമരസമിതിക്കാർ അതിനെ നിഷേധിക്കുന്നു. ഒറീസാ ഗവർമ്മേണ്ട് പറയുന്നതൊക്കെ നുണയാണെന്ന് സമരസമിതിക്കാർ കേന്ദ്ര പരിസ്ഥിതികാര്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ഗവർമ്മേണ്ട് പതിവനുസരിച്ച് പോലീസിനെ കയറൂരിവിട്ട് ജനങ്ങളെ ഭീഷണിപ്പെടുത്തിവരുന്നു. ധൻകിയ പഞ്ചായത്തിലും ഗോവിന്ദപുരം പഞ്ചായത്തിലുമുള്ള ആദിവാസികൾ വനഭൂമിക്കുള്ള അപേക്ഷ സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് പഞ്ചായത്ത് സമിതികളാണ്. വനാവകാശ നിയമം നടപ്പാക്കിയതു സംബന്ധിച്ച് അവർ ഗവർമ്മേണ്ടിന്ന് നോട്ടീസ് നൽകും. ഗവർമ്മേണ്ടിന്റെ അവകാശം തെറ്റാണെന്നു തെളിഞ്ഞാൽ അതുതന്നെ ഒരു ക്രിമിനൽ കുറ്റമാകും. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 27-5-2011

# ജനനീതി 'ഹെൽപ് ഡെസ്ക്'

## മാനദണ്ഡങ്ങൾ പാലിക്കാത്ത മരുന്നു പരീക്ഷണങ്ങളുടെ ഇരകളായവർക്കും അവരുടെ ആശ്രിതർക്കും ജനനീതി നൽകുന്ന സേവനങ്ങൾ

- മരുന്നു പരീക്ഷണങ്ങൾക്ക് വിധേയരായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ കൗൺസിലിംഗ്.
- മാനദണ്ഡങ്ങൾ ലംഘിച്ചും അനുമതി കൂടാതെയും നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളുടെ ഇരകൾക്ക് ആവശ്യമായ നിയമ ഉപദേശങ്ങൾ, നൈതിക സഹായങ്ങൾ തുടങ്ങിയവ.
- മരുന്നു പരീക്ഷണവുമായി ബന്ധപ്പെട്ട പൊതു ജനങ്ങളുടെ ആശങ്കകൾ, സംശയങ്ങൾ എന്നിവ പരിഹരിക്കാൻ സഹായിക്കുന്നു.
- മരുന്നു പരീക്ഷണങ്ങൾ സംബന്ധിച്ച ആരോപണങ്ങൾ, പരാതികൾ എന്നിവയിൽ സത്യസന്ധമായ അന്വേഷണം നടത്തി, വസ്തുതകൾ കണ്ടെത്തി, ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നു.
- ഇന്ത്യയിലും വിദേശത്തും മരുന്നു പരീക്ഷണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന കോടതി വിധികൾ, അന്താരാഷ്ട്ര ഉടമ്പടികൾ നൈതിക മാർഗ നിർദ്ദേശങ്ങൾ, നൂതനങ്ങളായ കണ്ടെത്തലുകൾ എന്നിവ പൊതു താൽപര്യാർത്ഥം ശേഖരിച്ച്, പൊതുജന ശ്രദ്ധയിൽ കൊണ്ടുവരിക.
- മരുന്നു പരീക്ഷണവുമായി ബന്ധപ്പെട്ട ആരോപണങ്ങളും പരാതികളും ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ അവ സർക്കാരിന്റെയും പ്രാദേശിക ഭരണകൂടങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽ പെടുത്തുക.
- മരുന്നു പരീക്ഷണങ്ങളുടെ നൈതിക നിലവാരത്തിൽ ജാഗ്രതയുള്ള വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കണ്ടെത്തി, അവരുമായി കൂടുതൽ വിനിമയ സാധ്യതകളും കൂട്ടായ്മയും പ്രോത്സാഹിപ്പിക്കുക.

കൂടുതൽ വിവരങ്ങൾക്ക്:
ജനനീതി, പി.ബി. നമ്പർ 8, മണ്ണുത്തി പോസ്റ്റ്, തൃശൂർ - 680651.

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം - 50 ക., ആയുഷ്കാലം - 1000 ക.